OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book.11 Regd. No. ER/450/2001 1197 തുലാം – വൃശ്ചികം 2021 നവംബർ Date: 30.11.2021

## പത്രാധിപക്കുറിപ്പ്



കെ.രാജീവൻ

# കേരളപ്പിറവി ദിനം

എന്താണ് കേരള ദിനം? 1956 നവംബർ 1-ന് റിപ്പബ്ലിക് ഓഫ് ഇന്ത്യയിൽ ഒരു സ്വതന്ത്ര സംസ്ഥാനമായി കേരളം പിറന്നതിന്റെ ഓർമ്മയ്ക്കായാണ് കേരളാ ദിനം അഥവാ കേരളപ്പിറവി ആഘോഷിക്കുന്നത്. ഈ ഏകീകരണത്തിന് മുമ്പ് കേരളം മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്ന് സ്വതന്ത്ര പ്രവിശ്യകളായ കാസർഗോഡും ഉൾപ്പെടുന്ന കേരളത്തിന്റെ വടക്കേയറ്റത്തെ പ്രദേശങ്ങൾ ചേർത്ത് മലബാർ പ്രസിഡൻസി രൂപീകരിച്ചു. കൊച്ചിൻ നാട്ടുരാജ്യത്തിന്റെ മധ്യഭാഗം കൈവശപ്പെടുത്തി, തിരുവി താംകൂറിലെ പരമാധികാര രാജവംശം തെക്കൻ പ്രദേശം ഭരിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം, ഭാഷാടിസ്ഥാനത്തിൽ പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ശക്തമായ ആവശ്യം ഉയർന്നു. അങ്ങനെ, സ്വാതന്ത്ര്യം ലഭിച്ച് ഏതാനും വർഷങ്ങൾക്കുശേഷം, അത്തരമൊരു സ്വതന്ത്ര സംസ്ഥാനമായി കേരളം പുനഃസംഘടിപ്പിക്കപ്പെട്ടു. കേരളപ്പിറവി ദിനം ഈ സുപ്രധാന കൂട്ടായ്മയെ അനുസ്മരി ക്കുന്നു.

### 61-ാം കേരളപ്പിറവി ദിനത്തിൽ മലയാളികൾക്ക് ഓർക്കാൻ പത്തു സവിശേഷതകൾ

രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഭാരതത്തിന്റെ വിശ്വമുഖമായാണ് കേരളത്തിനെ വിശേഷിപ്പിച്ചത്. ('global face of India)

## ദൈവത്തിന്റെ സ്വന്തം നാടിന്റെ പത്തു സവിശേഷതകൾ

### 1.'ഫാറ്റ് ടാക്സ് ' ഏർപ്പെടുത്തിയ സംസ്ഥാനം

ബർഗർ, പിസ്സ, തുടങ്ങിയ വിഭവങ്ങൾ വിൽക്കുന്ന ബ്രാൻഡഡ് ഫാസ്റ്റ് ഫുഡ് റെസ്റ്റോറന്റുകൾക്ക് ആദ്യമായി 'ഫാറ്റ് ടാക്സ് ' ഏർപ്പെടുത്തിയ സംസ്ഥാനം.

### 2. പൂർണ്ണമായും വൈദ്യുതീകരണം

ഗുജറാത്തിനും ആന്ധ്രാപ്രദേശിനും ശേഷം പൂർണ്ണമായും വൈദ്യുതീകരണം നടത്തിയ മൂന്നാമത്തെ സംസ്ഥാനം.

### 3. കളരിപ്പയറ്റ്

ആയോധനകലകളുടെ ഏറ്റവും പഴയ രൂപങ്ങളിലൊന്നായാണ് കളരിപ്പയറ്റ് കണക്കാക്കപ്പെടുന്നത്.



കളരിപ്പയറ്റ്

ചാട്ടം, ഓട്ടം, മറിച്ചിൽ, തുടങ്ങിയ വിശേഷങ്ങൾ പഠിപ്പിക്കുന്നു, തുടർന്ന് കഠാര, വാൾ, കുന്തം, ഗദ, വില്ലും അമ്പും മുതലായവ ഉൾപ്പെടുന്ന പാഠങ്ങൾ. കളരിപ്പയറ്റ് ശരീരത്തിനും മനസ്സിനും ഉന്മേഷവും ഏകാഗ്രതയും തരുന്നു. ഇത് ശരീരത്തിലെ ദുർമേദസ്സ് മാറ്റി ശരീരത്തിന് ആരോഗ്യവും രൂപവും നൽകുന്നു. ഇതു സത്യത്തിന്റെയും ധർമത്തിന്റെയും മാർഗ്ഗം കർശനമായി പാലിക്കണമെന്നു നിഷ്കർഷിക്കുന്നതും ഉത്തമനായ ഒരു വ്യക്തിയെ രൂപപ്പെടുത്താൻ സഹായിക്കുന്നതുമാണ്. സധർമ്മവും, ക്ഷമയും, സൽസ്വഭാവവും, ബുദ്ധിയും തുടങ്ങി എല്ലാ നല്ല ഗുണങ്ങളും ഉള്ള ശിഷ്യന്മാരെ മാത്രമേ ഗുരുക്കന്മാർ കളരിപ്പയറ്റിന്റെ എല്ലാ വശങ്ങളും അഭ്യസിപ്പിച്ചിരുന്നുള്ളൂ. ലോകമാകമാനം വിവിധ തരത്തി ലുള്ള ആയോധന കലകൾ നിലവിലുണ്ടായിരുന്നെങ്കിലും കേരളത്തിലെ ആയോധന കലയായ കളരിപ്പയറ്റ് ഇപ്പോഴും സവിശേഷമായിത്തന്നെ

നിലകൊള്ളുന്നു. വിവിധ അലിഖിത നിയമങ്ങളാൽ കളരിപ്പയറ്റ് മനുഷ്യകുലത്തിന് സത്യത്തി ന്റെയും, ധർമ്മത്തിന്റെയും, നീതിയുടേയും ഉന്നത മൂല്യങ്ങൾ കൂടി പരിശീലിപ്പിച്ചിരുന്നു. സ്ത്രീകളോടും, കുട്ടികളോടും, വൃദ്ധരോടും അക്രമം പാടില്ലെന്ന് കളരിപ്പയറ്റ് നിഷ്കർഷി ക്കുന്നു. അധർമത്തിന് വേണ്ടി പോരാടാൻ പാടില്ല. ആയുധമില്ലാത്തവനോട് ആയുധസമേതം പോരാടാൻ പാടില്ല. ചതിപ്രയോഗങ്ങൾ കളരിപ്പയറ്റ് അനുവദിക്കുന്നില്ല.

## 4. ഭക്ഷണ വൈവിദ്ധ്യങ്ങളുടെ നാട്

കേരളീയർ അവരുടെ പുട്ടും കടലക്കറിയും, ഇടിയപ്പം മുട്ടക്കറിയും, പായസത്തോടൊപ്പമുള്ള അപ്പവും, സാമ്പാറും, ചിക്കനും, ഉള്ളിത്തീയൽ, ദോശ, കരിമീൻ പൊള്ളിച്ചത്, കപ്പ, പിടി, ബിരിയാണി, നെയ്ച്ചോർ, ബീഫ്, മട്ടൺ എന്നിവ എല്ലാ രൂപത്തിലും ഇഷ്ടപ്പെടുന്നു.

'ദേശവിരുദ്ധം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭക്ഷണങ്ങളുടെ കാര്യത്തിൽ പോലും കേരളം അതിന്റെ രുചി വീണ്ടും ഊട്ടിയുറപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഗോവധ നിരോധന വിജ്ഞാപനത്തെത്തുടർന്ന് സംസ്ഥാനത്തുടനീളം ബീഫ് ഫെസ്റ്റുകൾ നടത്തി.



ലോകത്തെ ഏറ്റവും വലിയ സദ്യ

കേരള സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിലാണ് ലോകത്തെ തന്നെ ഏറ്റവും വലിയ സദ്യ വിളമ്പുക. 25,000 ത്തോളം വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കുന്ന സംസ്ഥാന സ്കൂൾ യുവജനോത്സവം ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയാണ്. കേരളത്തിലെ ഏറ്റവും പ്രശസ്തരായ ദേഹണ്ഡക്കാർ യുവജനോത്സവത്തിന് സദ്യ തയ്യാറാക്കുന്നു. പ്രത്യേകം സജ്ജമാക്കിയ പന്തലുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സദ്യ വിളമ്പുന്നു. പിന്നെ ആറൻമുള വള്ളസദ്യ. തിരുവോണ സദ്യ,കല്യാണ സദ്യ അങ്ങിനെ വിവിധ തരം സദ്യകൾ!

## 5. വെളിയിട വിസർജ്ജന മുക്തം

രാജ്യത്തെ വെളിയിട വിസർജ്ജന മുക്തമായ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. സിക്കിം, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് മുന്നിൽ.

## 6. ആദ്യ ജനാധിപത്യ കമ്മ്യൂണിസ്റ്റ് സർക്കാർ

ലോകത്ത് ആദ്യമായി ജനാധിപത്യ മാർഗ്ഗത്തിലൂടെ അധികാരത്തിൽ വന്ന സർക്കാരും കേരളത്തിലേതാണ്. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലായിരുന്നു മന്ത്രിസഭ. അടുത്ത നാളിൽ 'വാഷിംങ്ങ്ടൺ പോസ്റ്റ്' മുൻ പേജിലെഴുതി ''കമ്മ്യൂണിസ്റ്റ്കൾക്ക് ഇനിയും സ്വപ്നം കാണാൻ ശേഷിക്കുന്ന ഭൂമിയിലെ അപൂർവ്വങ്ങളായ പ്രദേശ ങ്ങളിൽ ഒന്നാണ് കേരളം''

## 7. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ സംസ്ഥാനം

2016 ജനുവരിയിൽ അന്നത്തെ ഉപരാഷ്ട്രപതി ഹമീദ് അൻസാരി സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു.

## 8. ട്രോളിംഗ്

അത് പ്രധാനമന്ത്രി മോദി ആയാലും ടെന്നീസ് താരം മരിയ ഷറപ്പോവ ആയാലും മലയാളി നെറ്റിസൺസ് ആരെയും വെറുതെ വിടുന്നവരല്ല. അടിസ്ഥാനരഹിതമായി സംസ്ഥാനത്തെ ആരെങ്കിലും വിമർശിക്കുമ്പോൾ ട്രോളാനും മീമുകൾ ഉണ്ടാക്കാനും അവർ പ്രേരിപ്പിക്കുന്നു.

## 9. ലോകത്തിലെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മയായ ആറ്റുകാൽ പൊങ്കാല



ആറ്റുകാൽ പൊങ്കാല

എല്ലാ വർഷവും, ഫെബ്രുവരിയിലോ മാർച്ചിലോ വരുന്ന ഒരു തീയതിയിൽ, ആറ്റുകാൽ ക്ഷേത്ര ദേവതയ്ക്ക് പൊങ്കാല അർപ്പിക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് സ്ത്രീകൾ തിരുവനന്തപുരത്ത് ഒത്തുകൂടുന്നു. ഒരു ദിവസം ഏറ്റവും കൂടുതൽ സ്ത്രീകൾ ഒത്തുകൂടിയതിന് 2009-ൽ ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഇടം നേടി. 2 . 5 ദശലക്ഷം ആളുകൾ അതിൽ പങ്കെടുത്തു.

## 10. ഭിന്നലിംഗക്കാർക്ക് സർക്കാർ അംഗീകാരം

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനം ട്രാൻസ് ജെൻഡർമാരെ ഔപചാരികമായി നിയമിക്കുന്നത് ഇതാദ്യമാണെന്ന് പറയപ്പെടുന്നു.



2015ൽ കോവളത്ത് നടന്ന ലിംഗസമത്വത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ ട്രാൻസ്ജെൻഡറുകൾക്കായുള്ള സംസ്ഥാന നയം അവതരിപ്പിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി.




# ലൈഫ് സർട്ടിഫിക്കറ്റ്



മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്. കോട്ടയം

നവംബർ മാസം പെൻഷൻകാരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട മാസം ആണ്. ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ട മാസം. ഏത് ബ്രാഞ്ചിൽ നിന്നും ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കാം. 80 വയസ് തികഞ്ഞവർക്ക് ഒക്റ്റോബർ മുതൽ ലൈഫ് സർട്ടിഫിക്കറ്റ് കൊടുക്കാം.

## ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം

വീഡിയോ വഴി ലൈഫ് സർട്ടിഫിക്കറ്റ് സ്വയം കൊടുക്കാം പക്ഷേ പെൻഷനരുടെ ഫോട്ടോ HRMS ഇൽ അപ്‌ലോഡ് ചെയ്തിരിക്കണം . അതിനുള്ള വഴികൾ

i പെൻഷനെർ ഫോട്ടോ HRMS ഇൽ സ്വയം അപ്‌ലോഡ് ചെയ്യുക. അതിനുശേഷം ബ്രാഞ്ചിൽ ചെന്ന് ബ്രാഞ്ച് മാനേജറെ കൊണ്ട് അപ്പ്രൂവ് ചെയ്യിക്കുക.

ii പെൻഷനെർ പുതിയ ഫോട്ടോ ആയി ബ്രാഞ്ചിൽ ചെല്ലുക ബ്രാഞ്ച് HRMS യൂസർ അപ്‌ലോഡ് ചെയ്യുന്നു. ബ്രാഞ്ച് മാനേജർ ഓതറൈസ് ചെയ്യുന്നു . അതിന് ശേഷം MY HRMS ഗൂഗിൾ സ്റ്റോറിൽ നിന്ന് ഡൗൺ ലോഡ് ചെയ്യണം. അതിൽ വീഡിയോ വഴി ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാം . അഞ്ച് ചോദ്യങ്ങൾ ചോദിക്കും eg ജനന തീയതി /ബാങ്കിൽ ജോയിൻ ചെയ്ത തീയതി / പെൻഷൻ വാങ്ങിക്കുന്ന ബ്രാഞ്ചിന്റെ പേര് / ബ്രാഞ്ചിന്റെ കോഡ് / പാൻ നമ്പർ അത് സജീവനി helpline ഉദ്യോഗസ്ഥർ അപ്പ്രൂവ് ചെയ്യും

## ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് (DLC) -ജീവൻ പ്രമാൺ , ബാങ്ക് പെൻഷൻകാർക്കും ലഭ്യമാണ്. ആവശ്യപ്പെട്ടാൽ പോസ്റ്റുമാൻ വീട്ടിൽ എത്തുന്നു. 70 രൂപ മുടക്ക് മാത്രം. ,ബിയോമെട്രിക് സംവിധാനം വഴി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാം.

### ആരെ സമീപിക്കണം ?

അടുത്ത പോസ്റ്റ് ഓഫീസ്മായി ബന്ധപ്പെടുക. നേരത്തെ ബുക്ക് ചെയ്യാം. അതിനുള്ള ലിങ്ക് താഴെ കൊടുക്കുന്നു.

**http://ccc.cept.gov.in/covid/request.aspx**

അല്ലെങ്കിൽ പോസ്റ്റ് info app വഴി

### വ്യവസ്ഥകൾ

ആധാർ കാർഡും മൊബൈൽ നമ്പരും അക്കൗണ്ട് നമ്പരും ആയി ലിങ്ക് ചെയിതിട്ടുണ്ടാവണം

### ആർക്കൊക്കെ പ്രയോജനപ്പെടുത്താം ?

എല്ലാ ബാങ്ക് പെൻഷൻകാർക്കും, പ്രത്യേകിച്ച് കിടപ്പ് രോഗികൾ, ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളവർ, കോവിഡ് കാലഘട്ടത്തിൽ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പുറത്തിറങ്ങാൻ പ്രയസമുള്ളവർ തുടങ്ങി എല്ലാ മുതിർന്നവർക്കും പ്രയോജനപ്പെടുത്താം.

### ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചു എന്ന് എങ്ങനെ അറിയാം ?

പോസ്റ്റ്മാന്റെ കൈവശം ഉള്ള മൊബൈലിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം കഴിഞ്ഞാൽ "വിജയിച്ചു " എന്ന സന്ദേശം വരും. കൂടാതെ ഒരു പ്രമാൺ ഐഡി ലഭിയ്ക്കും അത് വഴി https ://jeevanpramaan.gov.in/ppouser/login.എന്ന സൈറ്റിൽ നിന്ന് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കേറ്റ് ഡൗൺ ലോഡ് ചെയ്യാം .

### ശ്രദ്ധിക്കുക!

എച്ച്.ആർ.എം.എസിൽ ലോഗിൻ ചെയ്തു ലൈഫ് സർട്ടിഫിക്കറ്റിന്റെ സാധുത 31-10-2022 വരെ ആണോ എന്ന് ചെക്ക് ചെയ്യുക.

കൂടുതൽ വിവരങ്ങൾക്ക്
**https://www.ippbonline.com/web/ippb/digital-life-certificate1**
എന്ന വെബ്സൈറ്റ് സന്ദർശിക്കുക

# വിവാദ കാർഷിക നിയമങ്ങൾ പിൻവലിച്ചു




മുന്നു കാർഷികനിയമങ്ങൾ പിൻവലിക്കുന്നതായി പ്രധാന മന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരിക്കുന്നു . കാർഷിക മേഖലയിൽ പരിഷ്കരണം അവകാശപ്പെട്ട് 2020 സെപ്റ്റംബറിൽ കൊണ്ടുവന്നതും 2021 നവംബർ മാസം 30–ാം തിയതി റദ്ദാക്കുന്നതുമായ നിയമങ്ങൾ :.

1. കാർഷികോത്പന്നങ്ങളുടെ വ്യാപാരവും വാണിജ്യവും (അഭിവൃദ്ധിയും സൗകര്യമൊരുക്കലും) സംബന്ധിച്ച നിയമം
2. വില ഉറപ്പും കാർഷിക സേവനങ്ങളും സംബന്ധിച്ച കർഷകരുടെ കരാറിനായുള്ള ശാക്തീകരണവും സംരക്ഷണവും ) നിയമം
3. അവശ്യവസ്തു നിയമ ഭേദഗതിക്കുള്ള നിയമം

കർഷക പ്രക്ഷോഭത്തിന്റെ മുഖ്യമായ ആവശ്യമാണ് അംഗീകരിക്കപ്പെട്ടത് . അത് കർഷകരുടെ മാത്രമല്ല ജനാധിപത്യത്തിന്റെയും വിജയമാണ് . നവ ഉദാരീകരണ നയങ്ങൾ അടിച്ചേൽപ്പി ക്കുന്ന കോർപ്പറേറ്റ് ശക്തികൾക്കുള്ള കനത്ത തിരിച്ചടി . കാർഷിക നിയമങ്ങൾക്കെതിരായ പോരാട്ടത്തിൽ കർഷകർക്കൊപ്പം തോളോടുതോൾ ചേർന്ന് തൊഴിലാളികളും സമരം ചെയ്തു . രാജ്യത്തിന്റെ 75 വർഷത്തെ ചരിത്രത്തിൽ ആദ്യമായി തൊഴിലാളി കർഷക ഐക്യം യാഥാർത്ഥ്യമായി. 2022 ഫെബ്രുവരിയിൽ രണ്ടു ദിവസത്തെ അഖിലേന്ത്യാ പണിമുടക്ക് സമരം തൊഴിലാളി സംഘടനകൾ പ്രഖ്യാപിച്ചിരിക്കുന്നു. അതിന് കർഷക സംഘടനകൾ പിന്തുണ പ്രഖ്യാപിച്ചു. മൂന്നു കാർഷിക നിയമങ്ങളും നാലു ലേബർ കോഡുകളും പിൻവലിക്കണം . എല്ലാ വിളകൾക്കും മൊത്തം കൃഷിച്ചെലവിന്റെ ഒന്നരമടങ്ങ് ( C2 + 50 ശതമാനം ) താങ്ങുവില നൽകി സംഭരിക്കാൻ നിയമ നിർമാണം നടത്തണം. ഇലക്ട്രിസിറ്റി ബിൽ സ്വകാര്യ വത്കരണം പിൻവലിക്കണം. നാഷണൽ മോണി റ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതി പിൻവലിക്കണം. വിലക്കയറ്റവും തൊഴിലില്ലായ്മയും നിയന്ത്രിക്കണം . ഇവയാണ് ആവശ്യങ്ങൾ. അതിൽ മൂന്നു കാർഷിക നിയമങ്ങൾ റദ്ദാക്കൽ ഒഴികെയുള്ള ആവശ്യങ്ങളിൽ സമരം തുടരും.

കേരളത്തിൽ 2850 രൂപയാണ് ഒരു ക്വിൻറൽ നെല്ലിന് വില നൽകുന്നത്. C2 + 50 ശതമാനം പ്രകാരം 2590 രൂപ യാണ് നൽകേണ്ടത്. കേരളം 260 രൂപ അധികം നൽകുന്നു. പഞ്ചാബിൽ മോദിസർക്കാർ നൽകുന്ന താങ്ങുവില 1960 രൂപയാണ്. ഒരേക്കറിൽ 20 ക്വിൻറൽ ഉത്പാദനം എന്ന് കണക്കാക്കിയാൽ കേരളത്തെ അപേക്ഷിച്ച് 16,800 രൂപ കുറവാണ് പഞ്ചാബിലെ കർഷകർക്ക് ലഭിക്കുന്നത്. രാജ്യത്താകെ കേവലം ആറുശതമാനം കാർഷികോത്പന്നങ്ങൾ മാത്രമാണ് താങ്ങുവില പ്രകാരം സംഭരിക്കുന്നത്.

മാർക്കറ്റിൽ കർഷകർക്ക് ലഭിക്കുന്ന വില 1100 രൂപയാണ്. ക്വിൻറലിന് 860 രൂപ കുറവ്, സീസണിൽ ഒരേക്കറിൽ 17,200 രൂപ നഷ്ടം. കേരളത്തെ താരതമ്യം ചെയ്താൽ 34,000 രൂപ നഷ്ടം. ഇതാണ് രാജ്യത്താകെ കർഷകർ നേരിടുന്ന നഷ്ടത്തിന്റെ തോത്. എല്ലാ വിളകളിലും C2 + 50 ശതമാനം താങ്ങുവില നിയമം എന്ന കർഷകരുടെ ആവശ്യത്തിന്റെ പ്രാധാന്യമിതാണ്. കർഷകരുടെ വിളകൾക്ക് വിലയും കാർഷിക തൊഴിലാളികൾക്ക് തൊഴിലും വേതനവും നേടാനുള്ള സമരങ്ങളാണ് ഇനി വേണ്ടത്.

## ഇൻകം ടാക്സ് ഹെൽപ് ഡെസ്ക്

**ആദായനികുതി സംബന്ധമായ സംശയങ്ങൾക്ക് ,**
**നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കോട്ടയത്ത്**
**നമ്മുടെ മെമ്പർമാരായ**
**ശ്രീ പുന്നൂസ് .എസ്**



ശ്രീ.പുന്നൂസ്.എസ്.
Mob No 9447364228
പാലായിൽ



ശ്രീ വികെ പ്രഭാകരൻ
Mob 94473 56444
ഇവരുടെ സൗജന്യ സേവനം ലഭ്യമാണ്
കൂടാതെ
ഇൻകം ടാക്സ് വിദഗ്ദ്ധൻ
ശ്രീ അശോക് കുമാർ, കോഴ
ഓഫീസ് കാണക്കാരിയിൽ
MOB NOS : 94464 76062/
94962 15100
( പ്രവർത്തകർക്ക് ഫീസ് ഇളവ് നല്കും )

## പെൻഷൻ ഹെൽപ് ഡെസ്ക്

എനിക്ക് കിട്ടുന്ന പെൻഷൻ ശരിയാണോ ?

1) അവസാനം ലഭിച്ച സാലറി സ്ലിപ്പ്
2).പെൻഷൻ പേയ്മെന്റ് ഓർഡർ, പെൻഷൻ കണക്കാക്കിയ ഗണനാ ഷീറ്റ് ഉൾപ്പെടെയുള്ള രേഖകളുടെ കോപ്പികൾ ഓർഡിനറി പോസ്റ്റിൽ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ അയക്കുക. അവ കിട്ടി കഴിഞ്ഞാൽ കിട്ടിയ വിവരം അറിയിക്കുകയും ചെയ്യും. പരിശോധിച്ചശേഷം വാട്ട്സാപ്പ് വഴിയോ ഫോണിലൂടെയോ വിവരം അറിയിക്കും .
മൊബൈൽ / വാട്ട്സാപ്പ് നമ്പർ കാണിച്ചിരിക്കണം
അയക്കേണ്ട മേൽവിലാസം
To
Sri Ramanarayanan N P, Aathira, Near Vivek Nagar Colony,
PALLIKUNNU P.O., KANNUR - 670004.(Mob. 8301051292)

## ഘടനാപരമായ സംസ്ഥാന ചർച്ചാ യോഗം

### (LHO level Structured meeting)

പ്രിയ സഖാക്കളേ,

2021 ജൂലൈ ഡിസംബർ അർദ്ധ വർഷത്തിലെ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുമായുള്ള ബാങ്കിന്റെ ഘടനാപരമായ ചർച്ചാ യോഗം 2021 നവംബർ മാസം 19-ാം തിയതി വെള്ളയിാഴ്ച രാവിലെ 11 മണിക്ക് നടന്നതായി അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. രാവിലെ 11 മണിക്ക് ആരംഭിച്ച യോഗത്തിൽ ശ്രീ. കെ.ശ്രീകാന്ത്, ചീഫ് ജനറൽ മാനേജർ അദ്ധ്യക്ഷത വഹിച്ചു.



. കെ. ശ്രീകാന്ത്, ചീഫ് ജനറൽ മാനേജർ

വി. സീതാരാമൻ, ജി.എം. നെറ്റ്വർക്ക് , ശ്രീമതി. വന്ദന മെഹ്റോത്ര, ജി.എം. നെറ്റ്വർക്ക്, ശ്രീ. ശിവപ്രകാശ്, DGM & CDO, വിനോദ് കസ്തൂരി, എജിഎം (HR), ശ്രീമതി. ജെന്നിഫർ പട്രീഷ്യ ലൂയിസ്, എജിഎം (പിപിജി), ശ്രീമതി. ശ്രീദേവി. ജി, ചീഫ് മാനേജർ (ക്ഷേമം). എന്നിവർ ബാങ്കിനെ പ്രതിനിധീകരിച്ചും ജനറൽ സെക്രട്ടറി എ. ജയകുമാർ, ഡി.ജി.എസ്, എം.എസ്. അയ്യർ, എ.ജി. എസ് രാജചന്ദ്രൻ നായർ, എന്നിവർ എസ്.ബി.ഐ. പെൻഷനേഴ്സ അസോസിയേഷനെ പ്രതിനിധീകരിച്ചും എൽ.എച്ച്.ഒ.യിൽ നേരിട്ട് യോഗത്തിൽ പങ്കെടുത്തു

അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്സുകളിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴി മീറ്റിംഗിൽ പങ്കെടുത്ത പങ്കാളികൾ താഴെ പറയുന്നവരാണ്:

**കോഴിക്കോട്**
ശ്രീ മനോജ്, റീജണൽ മാനേജർ, ശ്രീ. കേശവനുണ്ണി, ചീഫ് മാനേജർ(എച്ച്ആർ), സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ, ജോസ് മാർസെലിൻ, ഡിജിഎസ്.

**തൃശൂർ**

ടി ടി ബാലകൃഷ്ണൻ, ഡിജിഎസ്;

**എറണാകുളം**

പ്രശാന്ത് കുമാർ, ഡിജിഎം (ബി & ഒ),
ജോയ് ജോസഫ്, ചീഫ് മാനേജർ (എച്ച്ആർ), വൈസ് പ്രസിഡന്റ് ബി സി ഉണ്ണികൃഷ്ണൻ നായർ, ജോസഫ് പാലക്കൽ, ഡി.ജി.എസ്. കെ.എസ്. ജയറാം, ട്രഷറർ

**കോട്ടയം**
സുരേഷ് വി, ഡിജിഎം (ബി & ഒ), ശ്രീ. കോശി മാത്യു, ചീഫ് മാനേജർ (എച്ച്ആർ), മാത്യു അടക്കാമുണ്ടക്കൽ, ഡി.ജി.എസ്.

**കൊല്ലം**
വിനോദ് കൃഷ്ണൻ, എജിഎം, എൻ.ഗണപതി കൃഷ്ണൻ, ഡി.ജി.എസ്.

**തിരുവനന്തപുരം**
ശ്രീ. രാജ് കിരൺ, ഡിജിഎം (ബി & ഒ).

സർക്കിൾ ഡെവലപ്പ്മെന്റ് ഓഫീസർ ശിവപ്രകാശിന്റെ സ്വാഗത പ്രസംഗത്തിനുശേഷം, സർക്കിളിന്റെ പ്രത്യേകിച്ച് ബാങ്കിന്റെ പൊതുവെയും ബിസിനസ് മുൻഗണനകൾ എടുത്തു കാണിച്ചുകൊണ്ട് ചീഫ് ജനറൽ മാനേജർ അധ്യക്ഷ പ്രസംഗം നടത്തി. പെൻഷനേഴ്സ് അസോസിയേഷനെയും അദ്ദേഹം അഭിനന്ദിച്ചു. കൂടാതെ മുതിർന്നവരായ വിരമിച്ച ജീവനക്കാരും മുതിർന്ന ഓഫീസർമാരും സേവനത്തിലിരിക്കെ ചെയ്ത കാര്യക്ഷമത നിറഞ്ഞ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

കെ. രാജീവൻ തന്റെ പ്രസംഗത്തിൽ അംഗങ്ങളുടെ ക്ഷേമത്തിനായി അസോസിയേഷൻ വഹിക്കുന്ന പ്രമുഖ പങ്കും പ്രവർത്തനങ്ങളും വിശദീകരിച്ചു, കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്സുകൾ ഉൾപ്പെടെ അസോസി യേഷന് ഓഫീസ് ഇടങ്ങൾ പോലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ മുൻ ചീഫ് ജനറൽ മാനേജർമാർ നൽകിയ ശ്രദ്ധേയമായ പിന്തുണയെ നന്ദിയോടെ സ്മരിച്ചു. ശമ്പള കുടിശ്ശിക, പിഎഫ്, ഗ്രാറ്റുവിറ്റി, 10, 11 ബിപിഎസ് എന്നിവയുടെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അദ്ദേഹം ഉയർത്തിക്കാട്ടി.

ഫാമിലി പെൻഷനിലെ തെറ്റായ കണക്കുകൂട്ടൽ, എട്ടാമത്തെയും ഒമ്പതാമത്തെയും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളുടെ അംഗീകാരത്തിലും അനുമതിയിലും കാലതാമസം, പെൻഷൻ പരിഷ്ക്കരണം തുടങ്ങിയവ ഉൾപ്പെടെയുള്ള മറ്റ് പ്രശ്നങ്ങൾ സഖാവ് ജയകുമാർ തന്റെ പ്രസംഗത്തിൽ അനുബന്ധമായി പറഞ്ഞു.

അജണ്ട ഇനങ്ങൾ പിന്നീട് ഏറ്റെടുത്തു. നമ്മളുടെ ആവശ്യങ്ങളോട് ചീഫ് ജനറൽ മാനേജർ വളരെ അനുകൂലമായി പ്രതികരിക്കുകയും യോഗത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ പ്രശ്നങ്ങളും ഉടനടി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീ. വിനോദ് കസ്തൂരി, എജിഎം (എച്ച്ആർ). നന്ദി പറഞ്ഞു. കേരള എസ് ബി ഐ പെൻഷനേഴ്സ അസോസി യേഷനെ പ്രതിനിധീകരിച്ച്, എറണാകുളം ഡിജിഎസ് ജോസഫ് പാലക്കൽ, നന്ദി രേഖപ്പെടുത്തി.

സഖാക്കളേ, മീറ്റിംഗ് വളരെ വിജയകരമായി നടന്നതിലും മുഖ്യ വിഷയങ്ങളെല്ലാം പരിഹരിക്കപ്പെട്ടതിലുംനമുക്ക് വളരെ സന്തോഷമുണ്ട്. പൂർണ്ണതയിലേക്കുള്ള നമ്മളുടെ അന്വേഷണത്തിലെ മറ്റൊരു നാഴികക്കല്ലായി ഇതിനെ കണക്കാക്കുന്നു.

ആശംസകളോടെ,



എ ജയകുമാർ,
ജനറൽ സെക്രട്ടറി

എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് ഭരണ സമിതി യോഗം 2021 നവംബർ മാസം 12-ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11.30 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. ഡി.ജി.എസ്, എ. ജി.എസ് എന്നിവരുൾപ്പടെ 16 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നല്കി. അംഗങ്ങളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് പരിഹാരങ്ങൾ നിർദ്ദേശിച്ചു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.




ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

ഓഗസ്റ്റ് മാസത്തിന് ശേഷം ബാങ്ക് സ്റ്റേറ്റ്മെന്റ് കിട്ടുവാൻ സാങ്കേതിക തടസ്സങ്ങളുണ്ടായതിനാൽ മാസ്സാന്ത്യ കണക്കുകൾ കൃത്യമായി അടുത്ത യോഗത്തിൽ അവതരിപ്പിക്കുന്നതിന് ജില്ലാ ട്രഷറാർ ശ്രീ.തോമസ് ഫിലിപ്പിന് യോഗം അനുമതി നല്കി.

ഏരിയാ കമ്മറ്റി യോഗങ്ങൾ ഡിസംബർ മാസത്തിൽ നടത്തണമെന്ന് യോഗം തീരുമാനിച്ചു. തുടർന്ന് ഏരിയാക്കമ്മെറ്റികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. പാലാ യൂണിറ്റിന് വേണ്ടി ഏരിയാക്കമ്മെറ്റി ജോയിന്റ് കൺവീനർ ശ്രീ. അനിൽ കുമാർ, വൈക്കം യൂണിറ്റിന് വേണ്ടി ഏരിയക്കമ്മെറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പ്, ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടി

ഏരിയക്കമ്മറ്റി കൺവീനർ ശ്രീ. സി.പി.മാത്യു കൺവീനർമാരായ ഈശൊ ചെറിയാ ൻ, കെ.എൻ. വിശ്വനാഥൻ നായർ, എന്നിവർ കോട്ടയം-1, കോട്ടയം-2, യൂണിറ്റുകൾക്കു വേണ്ടിയും, കൺവീനർ ജോൺ. വി. ചെറിയാൻ ജോയിന്റ് കൺവീനർ പി.ഉണ്ണിക്കുഞ്ഞ്, എന്നിവർ ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, കൺവീനർ കെ.വി.ജോർജ്ജ്, കാഞ്ഞിര പ്പള്ളി യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

ഏറ്റുമാനൂർ ഏരിയാക്കമ്മറ്റി കൺവീനർ ശ്രീ. സി.പി. മാത്യു നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.



വിഷയം അവതരിപ്പിച്ച് സംസാരിക്കുന്ന ഡെ. ജനറൽ സെക്രട്ടറി മാത്യു അടക്കമുണ്ടയ്ക്കൽ

# എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ഘടനാപരമായ ചർച്ചാ യോഗം

## (AO level Structured meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2021 നവംബർ മാസം 10-ാം തിയതി പകൽ 11 മണിക്ക് കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗിക മായി നേരിട്ടും ഭാഗികമായി വീഡിയോ കൊൺഫറ ൻസ് വഴി ഓൺലൈനായും നടത്തി.



ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ, അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവും പങ്കെടുക്കുന്നു.

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. ബാങ്കിന്റെ ഭാഗത്തുനിന്ന് ചീഫ് മാനേജർ (എച്ച്. ആർ.) കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ (എച്ച്. ആർ.)അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ ബിജേഷ്, റീജിയണൽ മാനേജർ-1, ഡോ.അനിത. റീജിയണൽ മാനേജർ-2 ജൂഡ് തേറാട്ടിൽ, റീജിയണൽ മാനേജർ-3 ജഗദീഷ് റീജിയണൽ മാനേജർ-,4, അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരാ യിരുന്നു.

നമ്മുടെ സംഘടനയെ പ്രതിനിധികരിച്ചുകൊണ്ടു ഡെ. ജനറൽ സെക്രട്ടറി മാത്യു അടക്കമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണികൃഷ്ണൻ നായർ ആലപ്പുഴ ജോയിന്റ് സെക്രട്ടറി കെ.കെ ഉമാപതി, ജില്ല ട്രഷറാർ വി.കെ.ഫിലിപ്പ് എന്നിവർ ആലപ്പുഴ ആർബിഒ യിൽ നിന്നുള്ള വിസിയിലും ജില്ലാ വൈസ് പ്രസിഡന്റ്, തോമസ് പി മാത്യു മാവേലിക്കര ആർ.ബി.ഒ.യിൽ നിന്ന് വീഡിയോ കോൺഫെറൻസ് വഴി പങ്കെടുത്തു .



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. മാനേജ്മെന്റ് കോട്ടയം പ്രതിനിധികളും ആലപ്പുഴ മാവേലിക്കര, പാല റിജിയണൽ ഓഫീസ് പ്രതിനിധിക ളും വീഡിയൊ കൊൺഫെറൻസ് വഴി ചർച്ചയിൽ പങ്കെടുക്കന്നു.

# ബാങ്കുദ്യോഗസ്ഥർക്ക് നിയമസംരക്ഷണം ആവശ്യപ്പെട്ട് ഐ.ബി.എ

എസ്.ബി.ഐ. മുൻ ചെയർമാൻ പ്രദീപ് ചൗധരിയുടെ അറസ്റ്റിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ളതും വിരമിച്ച തുമായ ബാങ്കുദ്യോഗസ്ഥർക്ക് നിയമസംരക്ഷണം ആവശ്യ പ്പെട്ട് ഇന്ത്യൻ ബാങ്ക് അസോസിയേഷൻ ( ഐ. ബി. എ. ) കേന്ദ്ര ധനമന്ത്രാലയത്തെ സമീപിച്ചു. കേന്ദ്രസർക്കാർ ജീവനക്കാർക്കുള്ളതുപോലെ അറസ്റ്റിനു മുൻകൂർ അനുമതി ഉൾപ്പെടെയുള്ള നടപടിക്രമം ബാങ്ക് ജീവനക്കാർക്കും ലഭ്യമാക്കണമെന്നാണ് ആവശ്യം. രാജസ്ഥാനിലെ ഹോട്ടൽ ഗ്രൂപ്പിനു നൽകിയ വായ്പ നിഷ്ക്രിയ ആസ്തിയായതിനെ ത്തുടർന്ന് പണം തിരിച്ചുപിടിക്കാൻ ഹോട്ടൽ ആസ്തികൾ പിടിച്ചെടുത്ത് എസ്.ബി.ഐ. വിറ്റിരുന്നു. വിപണി വില യിലും താഴ്ന്ന വിലയിലാണ് ഇതു വിറ്റതെന്നാരോപിച്ച് ഗ്രൂപ്പുടമകൾ കോടതിയെ സമീപിച്ചു. ആൽക്കെമിസ്റ്റ് എ.ആർ.സി കമ്പനിയാണ് ആസ്തികൾ വാങ്ങിയത്. വിരിച്ചശേഷം പ്രദീപ് ചൗധരി ഈ കമ്പനിയിൽ ഡയറക്ട റായിരുന്നു. ഇതിൽ ഗൂഢാലോചന ആരോപിച്ചാണ് ഒക്ടോബർ 31 ന് ഡെൽഹിയിലെ വസതിയിൽ നിന്ന് രാജസ്ഥാനിലെ ജയ്സാൽമേർ പോലീസ് പ്രദീപ് ചൗധരി യെ അറസ്റ്റുചെയ്തത്. അറസ്റ്റിനു മുമ്പ് നോട്ടീസ് നൽകുക യോ വിശദീകരണം തേടുകയോ ചെയ്തിരുന്നില്ല. ബാങ്കിങ് മേഖലയിൽ ഇത് വലിയ ചർച്ചകൾക്കു വഴിവെച്ചു. തുടർന്ന് അറസ്റ്റുൾപ്പടെയുള്ള നടപടികളിൽ ബാങ്ക് ജീവനക്കാർക്ക് സംരക്ഷണം ആവശ്യപ്പെട്ട് ഐ.ബി.എ. കേന്ദ്ര സർക്കാരിന് കത്ത് നല്കി ആവപ്പെട്ടിരിക്കുന്നത് .



ജയിൽ മോചിതനായ ശേഷം പ്രദീപ് ചൗധരി ജയ്സാൽമേർ ബാങ്ക് ഗസ്റ്റ് ഹൗസിലെത്തിയപ്പോൾ

# തിരുവനന്തപുരം ജില്ലാ ഭരണ സമിതി യോഗം

2021 നവംബർ മാസം 13-ാം തിയതി ശനിയാഴ്ച രാവിലെ 10.30 ന് പ്രൊഫ. എൻ കൃഷ്ണപിള്ള ഫൗണ്ടേഷൻ ഹാളിൽ വെച്ച് എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം നടന്നു. 20 അംഗങ്ങളിൽ 13 പേരും പങ്കെടുത്തു. കമ്മിറ്റി വളരെ സജീവമായിരുന്നു. പെൻഷൻകാരെ ബാധിക്കുന്ന പ്രസക്തമായ എല്ലാ വിഷയങ്ങളും ചർച്ച ചെയ്തു. പ്രസിഡന്റ് എ. ആർ. സോമനാഥൻ പിള്ള അധ്യക്ഷത വഹിച്ചു, ജോയിന്റ് സെക്രട്ടറി ശ്രീ ജി മധുകുമാർ സ്വാഗതം പറഞ്ഞു, ജില്ലാ സെക്രട്ടറി ജോസഫ് വി എൽ റിപ്പോർട്ട് അവതരിപ്പിച്ചു. രക്ഷാധികാരി ജോൺ ജോസഫ്, ഡിജിഎസ് എം എസ് ഐയർ, എജിഎസ് കെ രാജചന്ദ്രൻ നായർ എന്നിവർ കമ്മിറ്റിയെ അഭിസംബോധന ചെയ്തു.



കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് യോഗ സമക്ഷം അവതരിപ്പിച്ച് സംസാരിക്കുന്ന ജില്ലാ സെക്രട്ടറി വി.എൽ.ജോസഫ്,

1. എല്ലാ കോവിഡ് പ്രോട്ടോക്കോളും പാലിച്ചുകൊണ്ട് 22.1.2022 4-ാം ശനിയാഴ്ച SBIPAK തിരുവനന്തപുരം ജില്ലയുടെ വാർഷിക ജനറൽ ബോഡി യോഗം വിളിക്കാൻ തീരുമാനിച്ചു.
2. ഇപ്പോൾ കുടുംബ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉണ്ട്. എല്ലാ ഫാമിലി പെൻഷൻകാർ ക്കും പെൻഷൻ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് കൊടുക്കാൻ സഹായിക്കുന്നതിന് മൂന്ന് കമ്മറ്റി അംഗങ്ങ ളെ ചുമതലപ്പെടു ത്തി. അവർ S സതീഷ്കുമാർ. വൈസ് പ്രസിഡന്റ്, ജി മധുകുമാർ. ജോയിന്റ് സെക്രട്ടറി .കെ.രാജചന്ദ്രൻ നായർ. AGS
3. എല്ലാ പെൻഷൻകാരെയും സമയബന്ധിതമായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനും മെഡിക്കൽ ഇൻഷുറൻസ് പുനഃസ്ഥാപിക്കാൻ അവരെ ഓർമ്മിപ്പിക്കാനും തീരുമാനിച്ചു.
4. അർഹരായ പെൻഷൻകാർ/ ഫാമിലി പെൻഷൻകാർ എന്നിവരിൽ നിന്നുള്ള ഏതൊരു അഭ്യർത്ഥനയും അവരുടെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പുതുക്കാൻ തീരുമാനിച്ചു.
5. എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഒരു കമ്മിറ്റി അംഗവും മറ്റ് അംഗങ്ങളും ഓഫീസ് പ്രവർത്തനത്തിൽ പങ്കെടുക്കും.

ട്രഷറർ ശ്രീ രാധാകൃഷ്ണന്റെ നന്ദി പ്രകാശനത്തോടെ യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.




# ക്രിപ്റ്റോ കറൻസിക്ക് കടിഞ്ഞാണിടാൻ കേന്ദ്രം

## വിപണിയിൽ വിലയിടിഞ്ഞു

ശീതകാല സമ്മേളത്തിൽ ക്രിപ്റ്റോകറൻസി നിയന്ത്രണ ബിൽ പാർലമെന്ററിൽ അവതരിപ്പിക്കുമെന്ന് പ്രഖ്യാ പിച്ചതിനു പിന്നാലെ ഇവയുടെ വിലയിൽ 15 ശതമാനം മുതൽ 20 ശതമാനംവരെ ഇടിവ്. ഇന്ത്യൻ ക്രിപ്റ്റോ എക്സ്ചേഞ്ചുകളിൽ ബിറ്റ്കോയിൻ 17 ശതമാനവും ഇഥറിയം 15 ശതമാനവും ടെതർ ഡൗൺ 18 ശതമാന ത്തിനടുത്തുമാണ് ഇടിഞ്ഞത് തിങ്കളാഴ്ച തുടങ്ങുന്ന ശിശിര കാലസമ്മേളനത്തിൽ ബിൽ പാർലമെൻറിൽ വെക്കും. സകല ക്രിപ്റ്റോ കറൻസികളും നിരോധിക്കാനുള്ള വ്യവസ്ഥ ബില്ലിലുണ്ടാകുമെന്ന് റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ, പൂർണ നിരോധനം ഏർപ്പെടുത്തില്ലെന്നും നിയന്ത്രണങ്ങളാ ണുണ്ടാവുകയെന്നുമാണ് ഔദ്യോഗിക വൃത്തങ്ങൾ പറയു ന്നത്. ഇന്ത്യയുടെ ഔദ്യോഗിക ഡിജിറ്റൽ കറൻസി അവതരി പ്പിക്കാൻ ബില്ലിൽ വ്യവ സ്ഥയുണ്ടാകും. ക്രിപ്റ്റോ കറൻ സികളെ സാമ്പ ത്തിക ആസ്തി എന്ന നിലയിൽ പരിഗണിച്ച് ചെറുകിട നിക്ഷേപകരെ സംരക്ഷിക്കുന്നതും കേന്ദ്രത്തിൻറ പരിഗണനയിലുണ്ട് .



ഡിജിറ്റൽ കറൻസിയിൽ നിക്ഷേ പിക്കുന്നതിനുള്ള തുകയ്ക്ക് കു റഞ്ഞ പരിധി നിശ്ചയിക്കുന്ന താണ് ഇതിലൊന്ന്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ആർ.ബി.ഐ. നൽകുന്ന പലിശയായ റിവേഴ്സ് റിപ്പോ 3.35 ശതമാനത്തിൽ തുടരുമെന്ന് ആർ. ബി.ഐ. ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. രണ്ടാം കോവിഡ് തരംഗം കഴിഞ്ഞ് സമ്പദ് വ്യവസ്ഥ തിരിച്ചു വരവിന്റെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങി യെങ്കിലും ഉൾക്കൊള്ളാവുന്നത് എന്ന നിലപാട് തുടരും. 2020 മേയ് 22 നാണ് അടിസ്ഥാന നിരക്കുകളിൽ അവസാനമായി ആർ.ബി.ഐ. മാറ്റം വരുത്തിയത്. റിപ്പോനിരക്ക് നിലനിർ ത്താൻ സമിതിയിലെ എല്ലാ അംഗങ്ങളും അനുകൂലിച്ചു. റിവേഴ്സ് റിപ്പോയിൽ കഴിഞ്ഞ തവണത്തേതുപോലെ പുറത്തുനിന്നുള്ള അംഗം പ്രൊഫ. ജയന്ത് ആർ. വർമ്മ മാത്രം വിയോജിപ്പു രേഖപ്പെടു ത്തി .

# "ബാങ്ക്", "ബാങ്കർ" അല്ലെങ്കിൽ "ബാങ്കിംഗ്" എന്നീ വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ ആർബിഐ സഹകരണ സംഘങ്ങളോട്

ജാഗ്രത പാലിക്കു , പൊതുജനങ്ങൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) യുടെ ഉപദേശം. പൊതുജനങ്ങൾക്കുള്ള ഉപദേശത്തിൽ, സഹകരണ സംഘങ്ങൾക്ക് ബാങ്കിംഗ് നിയന്ത്രണത്തിന് കീഴിൽ ഒരു ലൈസൻസും നൽകിയിട്ടില്ലെന്ന് ആർബിഐ പറഞ്ഞു. കൂടാതെ, ഈ സൊസൈറ്റികളിൽ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് ഡെപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ (ഡിഐസിജിസി) ഇൻഷുറൻസ് പരിരക്ഷയും ലഭ്യമല്ല. ഒരു ബാങ്കാണെന്ന് അവകാശപ്പെടുകയാണെങ്കിൽ "പൊതുജന ങ്ങൾ അത്തരം സഹകരണ സംഘങ്ങൾക്കെതിരെ ജാഗ്രത പാലിക്കാനും അവരുമായി ഇടപെടുന്നതിന് മുമ്പ് ആർബിഐ നൽകുന്ന ബാങ്കിംഗ് ലൈസൻസ് നോക്കുക," എന്നും നിർദ്ദേശിക്കുന്നു,

കോ-ഓപ് സൊസൈറ്റികൾ 1949-ലെ ബിആർ ആക്ട് അല്ലെങ്കിൽ സെൻട്രൽ ബാങ്ക് അനുവദനീയമായ വ്യവസ്ഥകളൊഴികെ, പേരിന്റെ ഭാഗമായി "ബാങ്ക്", "ബാങ്കർ" അല്ലെങ്കിൽ "ബാങ്കിംഗ്" എന്നീ വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ ആർബിഐ സഹകരണ സംഘങ്ങളോട് ആവശ്യപ്പെട്ടു. 1949-ലെ ബിആർ ആക്ടിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായത്) (ബിആർ ആക്ട്, 1949) സെക്ഷൻ 7 ലംഘിച്ച് ചില സഹകരണ സംഘങ്ങൾ അവരുടെ പേരിൽ "ബാങ്ക്" എന്ന വാക്ക് ഉപയോഗിക്കുന്നത് ആർബിഐയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും / നാമമാത്ര അംഗങ്ങളിൽ നിന്നും / അസോസിയേറ്റ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായും ആർബിഐയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട് എന്ന് പറഞ്ഞു.

# ഒരു ആസ്ട്രേലിയൻ യാത്ര - ഭാഗം - 3

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)



കെ.എൻ. വിശ്വനാഥൻ നായർ,
കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്

ദിവസങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. പിന്നീട് പ്രധാനമായി സന്ദർശിച്ച സ്ഥലം വെറീബിപാലസും, റോസ് ഗാർഡനും ആയിരുന്നു. പാലസിനുള്ളിൽ മ്യൂസിയം ഉണ്ടെങ്കിലും കയറിയില്ല. പുറമെ നടന്നു കണ്ടു.



വെറി ബീ പാലസ് - മ്യൂസിയം

ചുറ്റും വിശാലമായ പുൽത്തകിടി. കുട്ടികൾക്ക് കളിക്കുന്ന തിനും കുടുംബ സമേതം ആഹാരം കഴിക്കുന്നതിനും ഉള്ള സൗകര്യം ഇവിടെ എല്ലാ പാർക്കുകളിലും ഉണ്ട്. ചില കുടുംബങ്ങൾ കൊണ്ടുവന്ന ആഹാരം കഴിക്കുന്നു കുട്ടികൾ പല കളികളിൽ ഏർപ്പെട്ടിരിക്കുന്നു. കിട്ടിയ അവധി ദിനം ആഘോഷിക്കുന്നു. ശനി ഞായർ ദിനങ്ങൾ എല്ലാവർക്കും അവധിയാണ്. അത് എല്ലാവരും വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്തും ഹോട്ടലിൽ നിന്നും ഇഷ്ടഭക്ഷണം കഴിച്ചും കുടുബ സമേതം ആഘോഷിക്കുന്നു. ഞങ്ങൾ തൊട്ടടുത്തുള്ള റോസ് ഗാർഡനിലേക്ക് നടന്നു.

റോസാപ്പൂക്കൾ കൊണ്ടു നിറഞ്ഞ ആർച്ച് കടന്ന് ഒരു ഹെക്ടറിലധികം നിരന്നു കിടക്കുന്ന റോസ പൂന്തോട്ടത്തി ലേക്ക് നടന്നു. വ്യത്യസ്ഥ നിറത്തിലും വലുപ്പത്തിലും ഉള്ള പൂക്കൾ വിരിഞ്ഞു നില്ക്കുന്ന ചെടികൾ അവ പല ആകൃതികളിലും രൂപത്തിലും നട്ടു വളർത്തിയിരിക്കുന്നു. ചെടികളുടെ പരിപാലനം വോളണ്ടിയേർസ് നിർവ്വഹിക്കുന്നു.



റോസ് ഗാർഡൻ

ഫോട്ടോകൾ എടുത്തു കൊണ്ട് മുമ്പോട്ടേയ്ക്ക് നടന്നു കൊണ്ടിരുന്നു. നമ്മുടെ ചണ്ഡിഗഡിൽ ഉള്ള റോസ് ഗാർഡനുമായി താരതമ്യപ്പെടുത്തിയാൽ അത് അഞ്ചു ഹെക്ടറോളം വിസ്തൃതിയിൽ പരന്നു കിടക്കുന്നു. പരിപാലനത്തിലും, കാഴ്ചയിലും വളരെ മുന്നിൽ.

ഏകദേശം രണ്ടു മണിക്കൂർ കൊണ്ട് കണ്ടു തീർത്ത് കൊണ്ടുവന്ന ചായയും ചിപ്സുമൊക്കെ കഴിച്ചശേഷം വീട്ടിലേക്ക് മടങ്ങി.

## ജൈവ വൈവിധ്യം

ആസ്ട്രേലിയയുടെ ജൈവ വൈവിധ്യത്തെക്കുറിച്ചു പറയാതെ വയ്യ. അതു കാത്തു സൂക്ഷിക്കുവാൻ അവർ പ്രതിജ്ഞാബദ്ധരുമാണ്. ഫ്ളൈറ്റിൽ നിന്നും ഇറങ്ങുന്നതിനു മുമ്പു തന്നെ അതു മനസ്സിലായി. വിമാനം ലാൻഡ് ചെയ്തയുടൻ മൂന്നംഗ സംഘം വിമാനത്തിനുള്ളിലേയ്ക്ക് കടന്നു വന്നു. ആരെങ്കിലും സസ്യങ്ങളോ വിത്തുകളോ കൊണ്ടുവന്നിട്ടുണ്ടോ എന്നന്വേഷിച്ചു. കാരണമായി പറഞ്ഞത് ആ രാജ്യത്തെ സസ്യജാലങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്നും കൊണ്ടു വരുന്നവയുമായി ഇടകലർന്നാൽ അവ നശിച്ചു പോകാനിടയാകുമെന്നാണ്. കൈയിലുള്ള പെട്ടിയിൽ നിരോധിത സാധനങ്ങൾ ഇല്ല എന്ന ഫോം പൂരിപ്പിച്ചു നൽകിയ ശേഷം വിമാനത്തിനു വെളിയിൽ ഇറങ്ങി. കസ്റ്റംസ് ക്ളിയറൻസിൽ പെട്ടി തുറന്ന് വിശദ പരിശോധന കഴിഞ്ഞ് എല്ലാ സാധനങ്ങളും അതേപടി പെട്ടിയിൽ അടുക്കിവച്ചു തന്ന് വെളിപ്പെടുത്തിയ സാധനങ്ങളല്ലാത്ത മറ്റൊന്നും പെട്ടിയിൽ ഇല്ലാതിരുന്നതിന് ഒരു വലിയ നന്ദിയും പറഞ്ഞ് യാത്രയാക്കി.

യൂക്കാലിപ്റ്റസ് മരങ്ങളും പൈൻ മരങ്ങളുമാണ് എല്ലായിടവും. മറ്റുള്ളവ പൂമരങ്ങളും തണൽ വൃക്ഷങ്ങളും മറ്റുമാണ്. വനങ്ങളാൽ സമൃദ്ധമാണ് ഇവിടം. 2019 -ലെ കാട്ടുതീയിൽ കത്തിയമർന്നത് 29000 ഹെക്ടർ വനമാണ്. കൂട്ടത്തിൽ ആയിരക്കണക്കിന് കങ്കാരുകളും, കോവാലകളും, ഒട്ടകങ്ങളും മറ്റു ജീവികളും .

## കങ്കാരു

ഓസ്ട്രേലിയയിൽ ഏകദേശം 47 ജൈവവർഗ്ഗങ്ങളിലുള്ള സഞ്ചിമൃഗങ്ങളെയെല്ലാം പൊതുവായി കങ്കാരു എന്നു വിളിക്കുന്നു. മാക്രോപോഡിയ കുടുംബത്തിൽ ഉൾപ്പെടുന്ന ഇവയിൽ മിക്കതും കരയിൽ ജീവിക്കുന്നവയും സസ്യഭുക്കുകളും ആണ്. മിക്കവയും ഓസ്ട്രേലിയയിലെ സമതലങ്ങളിൽ മേയുന്നു. സാധാരണയായി ഇവയ്ക്ക് നീണ്ട ശക്തമായ പിൻകാലുകളും പാദങ്ങളും കീഴറ്റം തടിച്ച നീണ്ട ഒരു വാലും ഉണ്ട്. പിൻകാലുകൾ ഇവയെ സ്വയം പ്രതിരോധത്തിനും നീണ്ട ചാട്ടത്തിനും സഹായിക്കുന്നു. വാൽ സമതുലിതാവസ്ഥയ്ക്ക് ഉപയോഗിക്കപ്പെടുന്നു. ചെറിയ തലയും വലിയ വൃത്താകൃതിയിലുള്ള ചെവികളും ഉള്ള ഇവയുടെ രോമം മൃദുലവും കമ്പിളി പോലെയുള്ളതുമാണ്.

പെൺകാംഗരൂകൾക്ക് ഓരോ വർഷത്തിലും ഓരോ കാംഗരൂ കുഞ്ഞ് (ജോയ്) ജനിക്കുന്നു. ആറു മാസക്കാലം കാംഗരൂ കുഞ്ഞ് അമ്മയുടെ വയറ്റിൽ ഉള്ള സഞ്ചിയിൽ കിടന്ന് മുലകുടിച്ച് വളരുന്നു. പിന്നീട് പലപ്പോഴും പുറത്തിറങ്ങുകയും, ഈ സഞ്ചിയിൽ കയറി സഞ്ചരിക്കുകയും ചെയ്യുന്നു. നരയൻ കാംഗരൂവാണ് ഏറ്റവും കൂടുതൽ അറിയപ്പെടുന്ന ഇനം. ഇതിനു മുപ്പത് അടിയിൽ (9 മീറ്റർ) കൂടുതൽ ചാടാൻ കഴിയും. ചുവപ്പ് കാംഗരൂവാണ് ഏറ്റവും വലിയ ഇനം.



ചുവപ്പ് കാംഗരൂകൾ. വാൽ സമതുലിതാവസ്ഥയ്ക്ക് ഉപയോഗിക്കുന്നതു കാണുക

മാംസത്തിനും തോലിനും വേണ്ടി കൊല്ലപ്പെടുന്നതുകൊണ്ടും കന്നുകാലികളുടെ കൂട്ടത്തിൽ ആഹാരത്തിനായി മത്സരിക്കേണ്ടതുകൊണ്ടും കാംഗരൂകളുടെ അംഗസംഖ്യ വല്ലാതെ ക്ഷയിച്ചു കഴിഞ്ഞു.



നരയൻ കങ്കാരുകൾ

വൈവിധ്യമാർന്ന മൃഗങ്ങളാൽ സമ്പുഷ്ടമാണ് ഇവിടം. കങ്കാരു , വാളാബി, പോസം, മുയൽ, ചെന്നായ, കുറുക്കൻ തുടങ്ങിയവയും, എല്ലായിനം തത്തകളും (മക്കാവു, കൊക്കാറ്റു, ലോറിക്കീറ്റ്, ഗാല, റിംഗ് നെക്ക് തുടങ്ങി നിരവധി ഇനം), കുക്കാബുറ, പലതരം കുരുവികൾ, ഐബിസ്, പെലിക്കൺ, കാക്കകൾ, വെളുപ്പും കറുപ്പു നിറവും കലർന്ന വെള്ളകാക്ക, വെളുത്ത കാക്ക ആസ്ട്രേലിയയിൽ മാത്രം എന്ന് പണ്ടു പഠിച്ചത് ഓർമ്മയിൽ കടന്നുവന്നു. അവയുടെ പേര് പക്ഷേ മാഗ്പൈ എന്നാണ് കൂടാതെ അവ ആക്രമണകാരി കൂടിയാണ്. മുട്ടയിടുന്ന ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ കൂടിനടത്തു കൂടി പ്രകോപിപ്പിക്കുന്ന രീതിയിൽ സഞ്ചരിച്ചാൽ അവയുടെ ചുണ്ടുകളുടെ ശക്തി കണ്ണിലും, ദേഹത്തും പരീക്ഷിക്കപ്പെടും.

## ഓസ്ട്രേലിയൻ മാഗ്പൈ

പ്രായപൂർത്തിയായ ഓസ്ട്രേലിയൻ മാഗ്പൈ 37 മുതൽ 43 സെന്റിമീറ്റർ വരെ (14.5 മുതൽ 17 ഇഞ്ച് വരെ) നീളമുള്ള, വ്യതിരിക്തമായ കറുപ്പും വെളുപ്പും സ്വർണ്ണ തവിട്ട് കണ്ണുകളും കട്ടിയുള്ള വെഡ്ജ് ആകൃതിയിലുള്ള നീലകലർന്ന വെള്ളയും കറുപ്പും ഉള്ള ഒരു പക്ഷിയാണ്.



ഓസ്ട്രേലിയൻ മാഗ്പൈ

ആണും പെണ്ണും കാഴ്ചയിൽ സമാനമാണ്, പിന്നിലെ അടയാളങ്ങളിലെ വ്യത്യാസങ്ങളാൽ വേർതിരിച്ചറിയാൻ കഴിയും. ആണിന് തലയുടെ പിൻഭാഗത്ത് ശുദ്ധമായ വെളുത്ത തൂവലുകളും പെണ്ണിന് തലയുടെ പിൻഭാഗത്ത് ചാരനിറത്തിലുള്ള വെളുത്ത തൂവലുകളും ഉണ്ട്, നീളമുള്ള കാലുകളോടെ, ഓസ്ട്രേലിയൻ മാഗ്പി വാഡിൽ അല്ലെങ്കിൽ ചാപ്പിന് പകരം നടക്കുകയും നിലത്ത് ധാരാളം സമയം ചെലവഴിക്കുകയും ചെയ്യുന്നു. ഓസ്ട്രേലിയയിലെ ഏറ്റവും പ്രഗത്ഭരായ പാട്ടു പക്ഷികളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന ഓസ്ട്രേലിയൻ മാഗ്പിയ്ക്ക് സങ്കീർണ്ണമായ സ്വരങ്ങളുടെ ഒരു നിരയുണ്ട്.



വെളുത്ത കാക്ക (മാഗ്പൈ)

സാധാരണവും വ്യാപകവുമായ, ഇത് മനുഷ്യവാസത്തോട് നന്നായി പൊരുത്തപ്പെട്ടു, ഓസ്ട്രേലിയയിലെയും ന്യൂഗിനിയയിലെയും പാർക്കുകൾ, പൂന്തോട്ടങ്ങൾ, കൃഷിയിടങ്ങൾ എന്നിവയുടെ പരിചിതമായ പക്ഷിയാണിത്. മാഗ്പിയുടെ ഒരു ചെറിയ ന്യൂനപക്ഷം (മിക്കവാറും എല്ലായ്പ്പോഴും പുരുഷന്മാർ) ആക്രമണകാരികളായിത്തീരുന്നു, അവരുടെ കൂടുകളെ സമീപിക്കുന്നവരെ ആക്രമിക്കുകയും ചെയ്യുന്നു.



അരയന്നങ്ങൾ, താറാവുകൾ തുടങ്ങിയവ എല്ലാ പാർക്കുകളിലും കാണാം.



ലോറിക്കീറ്റ്കൾ

വിവിധ തരം തത്തകൾ യൂക്കാലിപ്റ്റസ് കായ്കളും മറ്റും കഴിച്ചു കൊണ്ട് പറന്നു നടക്കുന്ന കാഴ്ച വർണ്ണനാതീതം. ലോറിക്കീറ്റ്കൾ, കൊക്കാറ്റുകൾ എന്നീ ഇനങ്ങളുടെ ഭംഗി എത്ര കണ്ടാലും മതി വരില്ല.



കൊക്കാറ്റുകൾ വീട്ടിൽ വിരുന്നുകാരായി എത്തിയപ്പോൾ

അവയുടെ ഇഷ്ടാഹാരങ്ങൾ നൽകിയാൽ വീട്ടിലും സന്ദർശനം നടത്തും.



ലേഖകൻ ബുർജ് ഖലീഫയുടെ മുമ്പിൽ

(തുടരും......)

# പുതു യൗവ്വനം



സിബി ചാണ്ടി
ഡി.ജി.എം. (റിട്ട)

കഴിഞ്ഞ ഏതാനും മാസങ്ങളിലായി നമ്മുടെ ബാങ്കിൽ നിന്നും ധാരാളം അംഗങ്ങൾ വിരമിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഒരു പക്ഷേ അറുപതു തികയുന്നവരുടെ എണ്ണം ഏറ്റവും കൂടുതൽ ഈ മാസങ്ങളിലാണെന്നു തോന്നുന്നു. റിട്ടയർ ചെയ്യുന്ന പ്രിയ സഹപ്രവർത്തകരുമായി ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

## റിട്ടയർമെന്റ് എന്തിനു വേണ്ടി?

യൗവനത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തി മുപ്പതു മുതൽ നാൽപതു വർഷം വരെ ബാങ്കിൽ കഠിനാദ്ധ്വാനം ചെയ്യുന്നു എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണല്ലോ.. ഇക്കാലമത്രയും വിശ്രമമെന്തെന്ന റിയാത്ത ശരീരത്തിനും മനസ്സിനും വിശ്രമിക്കാൻ നേരമായി എന്നുള്ള സ്റ്റാറ്റ്യൂട്ടറി നിഗമനമാണ്, ഒരു നിശ്ചിത വിര മിക്കൽ പ്രായം എന്ന ആശയത്തിൻ പിന്നിലുള്ളതെന്നാണ് എന്റെ വിശ്വാസം. അതു കൊണ്ടു തന്നെ ശേഷിക്കുന്ന ജീവിതകാലം മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി മാറ്റി വയ്ക്കുന്നതാണ് ഉത്തമം എന്നു തോന്നുന്നു. പകൽ പകുതി കടന്ന ഭാസ്ക്കരൻ പടിഞ്ഞാറെ ചക്രവാളം തേടുന്നതു പോലെ. ഔദ്യോഗിക ജീവിത കാലത്തു് ഒഴിവു ദിനങ്ങളടക്കം സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ക്കായി ഉപയോഗിക്കാൻ കഴിയാതെ പോയ നമുക്ക്, സ്വാഭീഷ്ടമനുസ്സരിച്ച് ചെലവഴിക്കാനുള്ള സമയം ആണ് ഇനിയുള്ളവ എന്ന് മനസ്സിലാക്കുമ്പോൾ രണ്ടാം ഇന്നിംഗ്സി ലെ കളി ഊർജ്ജദായകമാവും, തീർച്ച. ഞാൻ ഒന്നാം ഇന്നിംഗ്സ് നേരത്തെ ഡിക്ലയർ ചെയ്ത് രണ്ടാം ഇന്നിംഗ്സ് കളിച്ചുതുടങ്ങിയത് ഈ ആനുകൂല്യം സ്വപ്നം കണ്ടിട്ടായിരുന്നു താനും.

## ഈ സമയം എങ്ങനെയൊക്കെ വിനിയോഗിക്കാം?

ആദ്യം ചെയ്യേണ്ടത് ഇതുവരെ തുടർന്ന ജീവിത ചര്യയ്ക്ക് ചെറിയ പരിഷ്ക്കാരങ്ങൾ വരുത്തുകയാണ്. അതിരാവിലെ ഉണരുന്ന ശീലം തുടരുക തന്നെ വേണം. ലാലേട്ടന്റെ സിദ്ധാന്തം പോലെ ജോലിയുള്ള കാലം മാത്രം അവധി ആസ്വാദനവും മതിയാവും. ഇനി നമുക്കു മുൻപിലുള്ളത് അവധി വേണ്ടാത്ത കാലമാണ്. അതിനാൽ തന്നെ മടി പിടിക്കേണ്ട കാര്യവും ഇല്ല.

സമ്പത്ത് സ്വരൂപിക്കാനുള്ള അല്ലലു പോലെ മാനസികാ രോഗ്യത്തിനു വിഘാതമായ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നില്ക്കാനായാൽ വളരെ നല്ലത്. പകരം സർവ്വധനാൽ പ്രദാനങ്ങളായ അറിവു വർദ്ധിപ്പിക്കലും ആരോഗ്യം നിലനിർത്തലും ആവട്ടെ ഉദ്ദേശലക്ഷ്യങ്ങൾ. വായന തല്പര്യമുള്ളവർക്ക് ഒരു kindle വാങ്ങാം. ധാരാളം പുസ്തകങ്ങൾ കുറഞ്ഞ ചെലവിൽ കമ്പ്യൂട്ടറിൽ ഇന്ററർനെറ്റിൽ നിന്നും കമ്പ്യൂട്ടറിലേക്ക് പകർത്തി ( download ചെയ്ത്) വായിക്കാൻ സാധിക്കും. ആയാസരഹിതമായ വായനയും സാദ്ധ്യമാണു്. അല്ലെങ്കിൽ നാട്ടിലെ ലൈബ്രറിയുമായി സഹകരിച്ച് പ്രവർത്തിച്ച് വായനയോടൊപ്പം നാടിന്റെ വികസനത്തിൽ നിസ്വാർത്ഥ പങ്കാളിയാവാം. ചെറിയ തോതിലെങ്കിലും കൃഷി ചെയ്യാനുതകുന്ന തൊടി സ്വന്തമായുണ്ടെങ്കിൽ അടുക്കളത്തോട്ടം ആവാം. വ്യായാമവും വിഷരഹിത ഭക്ഷണവും ഒരുമിച്ച് ലഭ്യമാകും. കൂടാതെ നാട്ടിലെ കർഷക സുഹൃത്തുക്കളുമായി ഇടപഴകാനും കൃഷികളിൽ നൂതന പരീക്ഷണങ്ങൾ നടത്താനും (തലച്ചോറിനു വ്യായാമം) നല്ല അവസരവുമുണ്ടാകുന്നു. അങ്ങനെ തികച്ചും യാന്ത്രികമല്ലാത്ത ഒരു പകൽ ജീവിതക്രമം ഉരുത്തിരിയാൻ ഇടയാക്കാം.

## സാമൂഹ്യ ജീവിതം

തൽക്കാലം കോവിഡ് - 19 നമ്മുടെ സാമൂഹ്യ ജീവിതത്തെ 'അകറ്റി' നിർത്തിയിരിക്കയാണെന്നത് വിസ്മരിക്കുന്നില്ല. ഏതാനും നാളുകൾക്കു ശേഷം നാം പഴയ സാമൂഹ്യ പശ്ചത്തലം തിരികെപ്പിടിക്കും എന്നു പ്രത്യാശിക്കാം. എന്റെ വ്യക്തിപരമായ അനുഭവത്തിൽ, ജോലിയിലായിരുന്ന ഭൂരിഭാഗം കാലയളവിലും എനിക്ക് കുടുംബത്തിലും സമൂഹത്തിലും നടന്നിരുന്ന ഒട്ടുമിക്ക മംഗളകർമ്മങ്ങളിലും പങ്കെടുക്കാൻ ഭാഗ്യമുണ്ടായിട്ടില്ല എന്നതു് ഇന്നും നഷ്ടബോധമായി കൊണ്ടു നടക്കുന്നുണ്ട്. അതിന്റെ പേരിൽ ധാരാളം പഴികളും കേൾക്കാനിടയായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലം ഒരു തികഞ്ഞ സാമൂഹ്യ ജീവിയായി പരിണമിക്കാനായി എന്നത് വലിയ സന്തോഷം തരുന്നു. സമൂഹനന്മയ്ക്കായി ലാഭേച്ഛ കൂടാതെ ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യാൻ ധാരാളം അവസരങ്ങൾ നമ്മെ തേടി വരുമെന്നതാണ് യാഥാർത്ഥ്യം. ഇതോടൊപ്പം തന്നെ പഴയ ബന്ധങ്ങൾ തുടരാനായി മാസത്തിലൊരിക്കൽ വളരെ അടുത്ത സുഹൃത്തുക്കളുമായി ഒരു ഒത്തുചേരൽ (കോഫീ ഹൗസ് മീറ്റിംഗ്) മനോഹരമായിരിക്കും.

## പുതു യവ്വനം

മുൻ പറഞ്ഞ കാര്യങ്ങളിലേയ്ക്കുള്ള അടിസ്ഥാന മാറ്റം മാത്രമായി ജോലിയിൽ നിന്നുള്ള വിരമിക്കലിനെ കാണാനായാൽ നാം പുതു യവ്വനത്തിലേയ്ക്കാണ് പ്രവേശിക്കുന്നതെന്ന തിരിച്ചറിവിലേയ്ക്കു വളരാം. നമ്മെക്കാൾ ചെറുപ്രായക്കാരുമായി ചങ്ങാത്തം സ്ഥാപിക്കാനും ആശയ സംവാദത്തിലേർപ്പെടാനും സൗഹൃദം നിലനിർത്താനുമായാൽ (സോഷ്യൽ മീഡിയയിലൂടെയും മറ്റും) ഈ പുതു യവ്വനം നിലനിർത്താനുമാവും. അദ്ധ്യാപനത്തോടു താൽപര്യമുള്ളവർക്ക് തങ്ങൾക്കിഷ്ടമുള്ള വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ യുട്യൂബ് വീഡിയോകളായോ ബ്ലോഗ്കളായോ പ്രസിദ്ധീകരിക്കാനായാൽ അത് ഇരട്ടി മധുരം പ്രദാനം ചെയ്യും.

എല്ലാവർക്കും രണ്ടാമിന്നിംഗ്സിൽ ആരോഗ്യത്തിന്റെ, അഭിമാനത്തിന്റെ, സൗഹൃദങ്ങളുടെ സർവ്വോപരി സന്തോഷത്തിന്റെ ബൗണ്ടറികളും സിക്സറുകളും സ്കോർ ചെയ്യാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം

## ഭരണ സമിതി യോഗം

.

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2021 നവംബർ മാസം 12-ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 11 മണിക്ക് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു.



അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന സംഘം പ്രസിഡന്റ് എം.ജി.രാഘവൻ

താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. പി.ഉണ്ണിക്കുഞ്ഞ്
6. റൈസാ ബീഗം
7. കെ.എൻ.വിശ്വനാഥൻ നായർ
8. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
9. എൻ.സി.മാത്യു
10. വികെ പ്രഭാകരൻ

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

തുടർന്ന്, ഓഡിറ്റ് ചെയ്ത സംഘം കണക്കുകൾ അവതരിപ്പിച്ചു. അടുത്ത പൊതുയോഗത്തിൽ റിപ്പോർട്ടിൽ ചേർത്ത് അവതരിപ്പിക്കുന്നതിന് അനുമതി നല്കി. പൊതുയോഗം ഓൺലൈനിൽ നവംബർ 30–ാം തിയതി ചൊവ്വാഴ്ച്ച നടത്തുവാൻ തീരുമാനിച്ച. ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2021 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് 2021 നവംബർ 12–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VII | 100,000 | 152 | രാജൻ ജോർജ്ജ് |
| 2 | VIII | 100,000 | 188 | തുളസി.എം.എസ്. |
| 3 | IX | 25000 | 204 | കെ പ്രഭാകരൻ |
| 4 | X | 100,000 | 243 | .പി.എം. ജേക്കബ്ബ് |
| 5 | XI | 100,000 | 259 | സുധ രാജഗോപാൽ |

അഭിനന്ദനങ്ങൾ!!

നറുക്ക് ലഭിച്ചവർക്ക് 2021 ഡിസംബർ മാസം 10–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 9–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. **9446322416**

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ “എ”ക്ലാസ്സ് അംഗത്വത്തിന് 3 അപേക്ഷകൾ ഉണ്ടായിരുന്നു.

1. കെ.കെ. ഗോപാലകൃഷ്ണൻ നായർ, പൗർണ്ണമി, നീണ്ടൂർ
2. മാത്യു സിറിയക്, കമ്മട്ടിൽ, ചെമ്മനത്തുകര
3. സിറിയക് തോമസ്, പറക്കാട്ടിൽ കിഴക്കേതിൽ, ചെറുവാണ്ടൂർ.

3 പേർക്കും “എ” ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

കൂടുതൽ “എ”ക്ലാസ്സ് ഓഹരികൾക്ക് അപേക്ഷ നല്കിയ അബു ജോൺ തിരുവാതുക്കലിന് പത്ത് ഷെയറുകൾ കൂടി അനുവദിച്ചു.

## ‘സി’ ക്ലാസ്സ് അംഗത്വമെടുത്തവർ

“സി” ക്ലാസ്സ് പുതിയ അംഗത്വത്തിന് അപേക്ഷകൾ ഇല്ലായിരുന്നു.

### വായ്പ്പ അപേക്ഷകൾ

ഒരു ലക്ഷം വീതം വായ്പ്പയ്ക്ക് പുതിയതായി 2 അപേക്ഷകൾ ലഭിച്ചത് പരിഗണിച്ച് ലോൺ അനുവദിക്കാൻ തീരുമാനമായി.

## X11-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു

100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി 2021 നവംബർ മാസം ആരംഭിച്ചു കഴിഞ്ഞു എന്ന് സന്തോഷപൂർവം അറിയിച്ചു കൊള്ളട്ടെ. അതിന്റെ മാസ തവണയായ 4000 -രൂപ 28.11.2021 മുതൽ ജി.ഡി.സി.എസിൽ ചേർന്നവരുടെ അക്കൗണ്ടിൽ നിന്ന് എല്ലാ മാസവും 28 ന് വട്ടമെത്തുന്നതുവരെ എടുക്കുമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ

# വാർഷിക പൊതുയോഗം

2020-21 പ്രവർത്തന വർഷത്തിലെ വാർഷിക പൊതു യോഗം 2021 നവംബർ മാസം 30-ാം തിയതി പ്രസിഡന്റ് എം.ജി.രാഘവന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായും കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗികമായി നേരിട്ടും നടത്തി.

വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ്, അജണ്ട, വാർഷിക റിപ്പോർട്ട്, കണക്കുകൾ, ബൈലോ അമെന്റ്മെന്റ് എന്നിവകളെല്ലാം ഓണററി സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. കൂടാതെ,

- 2020-21 പ്രവർത്തന വർഷത്തിലെ ലാഭവിഹിതം ഷെയർ ഒന്നിന് 25% നിരക്കിൽ നല്കുവാൻ തീരുമാനിച്ചു.
- സൊസൈറ്റി അംഗത്വം സംസ്ഥാനമൊട്ടുക്കുള്ള എസ്.ബി.ഐ. പെൻഷൻകാർക്ക് നല്കുന്നതിനുള്ള ബൈലാ ഭേദഗതി അംഗീകരിച്ചു. ആയത് സംസ്ഥാന സഹകരണ രജിസ്റ്റാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിന് എക്സിക്യൂട്ടിവ് കമ്മറ്റിയെ യോഗം ചുമതലപ്പെടുത്തി.
- സംഘത്തിന് സ്ഥലം വാങ്ങിയൊ കെട്ടിടം വാങ്ങിയൊ സ്ഥിരമായി ഒരു ആസ്ഥാനം നിർമ്മിക്കണമെന്നും ഇതിനായി ഫണ്ട് സമാഹരിക്കുന്നതിന് ലക്ഷ്യമിട്ട് ലാഭവിഹിതത്തിൽ നിന്ന് എല്ലാ വർഷവും ഒരു നിശ്ചിത തുക ''കെട്ടിട നിർമ്മാണ ഫണ്ട്'' എന്ന അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച് ലക്ഷ്യം സാക്ഷാത്കരിക്കന്നതുവരെ വകയിരുത്തണമെന്നും തീരുമാനിച്ചു.
- ഈ വർഷം തന്നെ ''കെട്ടിട നിർമ്മാണ ഫണ്ട് രൂപികരിച്ച് ഡിവിഡന്റ് തുക വിതരണത്തിന് ശേഷം ബാക്കി വരുന്ന തുക അതിൽ നിക്ഷേപിക്കുവാനും തീരുമാനിച്ചു.

# വിവാഹിതരായി



രാഹുൽ.എം.ഗോപാലും അമൽഷ സജീവും

എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ല യൂണിറ്റ്, ട്രഷറർ മിസ്റ്റർ എം. ഐ. ഗോപാലന്റെയും ശ്രീമതി വി.എൻ.കുമാരിയുടേയും മകൻ രാഹുൽ.എം.ഗോപാലും വി.എസ്.സജീവിന്റെയും ശ്രീമതി ഷൈലയുടെയും മകൾ അമൽഷ സജീവും തമ്മിലുള്ള വിവാഹം 2021 ഒക്ടോബർ മാസം 31-ാം തിയതി ഞായറാഴ്ച്ച വധൂഗ്രഹത്തിൽ വച്ച് സമംഗളം നടന്നു. കൊവിഡ് പ്രോട്ടോക്കോൾ കാരണം ഗോപാൽജിക്ക് പല അംഗങ്ങളേയും ചടങ്ങിലേക്ക് ക്ഷണിക്കാനായില്ല. എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലയിലെ. യൂണിറ്റ് അംഗങ്ങൾ ഐക്യത്തോടെ യുവ ദമ്പതികളെ അഭിനന്ദിക്കുകയും അവർക്ക് അതിരുകളില്ലാത്ത സ്നേഹത്തിന്റെയും ശാശ്വതമായ സന്തോഷത്തിന്റെയും ജീവിതകാലം ആശംസിക്കുകയും ചെയ്യുന്നു.

### മംഗളാശംസകൾ!!

എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ല പ്രസിഡണ്ട്.

# നവംബർ നാല് ദീപാവലി


ദീപങ്ങളുടെ ഉത്സവമായ
ദീപാവലി
കത്തിജ്വലിക്കുന്ന ദീപം പോലെ
പ്രകാശം നിറഞ്ഞതാകട്ടെ
ജീവിതം!!
Happy Diwali
in Advance
kismath_


I thought
it was fine
to park here.
FINE
FOR
PARKING
495

# നർമ്മ വീഥി


right leg up please
now the left one
Now both
What kind of
test is this?
I.Q
ComputerWinkel.nl


Well said!
One bucket of water & one
bucket of liquor are placed in
front of a donkey.
Donkey drinks water & leaves
the place.
Teacher then questions
students " What do you
learn"?
Students answer - One who does
not drink liquor , is a donkey.

# കൗതുക വാർത്തകൾ



കാട്ടുപന്നിയെ കറിവച്ച് കഴിച്ചയാൾ അറസ്റ്റിൽ







### മണിലെസ്സ് ട്രാൻസാക്ഷൻ

## രാജ്യത്ത് ദരിദ്രർ ഇല്ലാത്ത ഏക ജില്ല കോട്ടയം



**കേരളത്തിൽ കൂടുതൽ ഇടുക്കിയിൽ. ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്, 0.19 ശതമാനം. ഗോവയിലും ശിശുമരണ നിരക്ക് കുറവാണ്. 0.57 ശതമാനം.** ശിശുമരണ നിരക്ക് കൂടുതലുള്ളത് ഉത്തർപ്രദേശിലാണ്. 4.97 ശതമാനം. ബിഹാറി**ൽ** 4.58 ശതമാനവും.

## വായനക്കാർ എഴുതുന്നു



**ആക്ഷേപങ്ങളും അഭിപ്രായങ്ങളും**

പ്രിയ രാഘവൻജീ,

കോട്ടയം ടീമിന് അഭിനന്ദനങ്ങൾ!! 'ഒയാസിസ്' ഗംഭീരമായി മാറുന്നു. കൂടുതൽ മനോഹരവും കൂടുതൽ ആകർഷകമാവുകയും ചെയ്യുന്നു. വിശ്വനാഥൻജി യുടെ 'ഓസ്ട്രേലിയൻ ദിനങ്ങൾ' മറ്റുള്ളവർക്ക് ആ രാജ്യത്തിലൂടെയുള്ള ഒരു യഥാർത്ഥ പര്യടനത്തിന്റെ അനുഭൂതി നൽകും. എല്ലാവിധ ആശംസകളും നേരുന്നു.

ജയകുമാർ, സെക്രട്ടറി
എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷൻ

പ്രിയ പാലയ്ക്കൻ സർ,
75,000 രൂപ ഫാമിലി പെൻഷൻ ഇന്നലെ കിട്ടി. ഈ നേട്ടം കൈവരിക്കാൻ പ്രയത്നിച്ച ഓരോരുത്തരോടും നന്ദി. വലിയ ഒരനുഗ്രഹമാണ് ഞങ്ങളുടെ ജീവിതത്തിലുണ്ടായത്. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന് ഒരിക്കൽ കൂടി നന്ദി പറയുന്നു,

ഏലിയാമ്മ തോമസ്,
റിട്ട. എ.ജി.എം. പരേതനായ കെ.സി.തോമസിന്റെ ഭാര്യ & മകൾ റിബു തോമസ്

**Respected Members,**
**I am glad to share with you all that I have received family pension arrear of Rs.1,22,630 yesterday night.**
**I would like to extend our esteemed gratitude to each and everyone who has worked behind the revision of Family pension.This endeavour is indeed a great blessing for family pensioners like us.**
**Thank you SBI Pensioners Association**
**With regards**
**Alice. K.V.**
**W/o Late K P Joseph**
**Chief Manager SBI**




# "എന്തു ചെയ്യാം, പപ്പയ്ക്ക് തീരെ അനുസരണയില്ല "

ഇന്ന്, ബാങ്കിൽ ഒന്നിച്ചു ജോലി ചെയ്ത, ഇപ്പോൾ റിട്ടയർ ചെയ്തു വിശ്രമ ജീവിതത്തിലിരിക്കുന്ന, ഒരു സമപ്രായക്കാരനെ, ഫോണിൽ വിളിച്ചു. ഫോണെടുത്തത് അദ്ദേഹത്തിന്റെ ഇളയ മകനായിരുന്നു.
പപ്പയെ ഞാൻ അന്വേഷിച്ചു. മകൻ പറഞ്ഞു,
" പപ്പ പറമ്പിലേക്ക് ഇറങ്ങിയതാ, എങ്ങും പോകരുതെന്ന് ഞാൻ പറയാറുള്ളതാ, എന്തു ചെയ്യാം, പപ്പയ്ക്ക് ഒരു അനുസരണയുമില്ല. ഷുഗറൊക്കെയുള്ളതാ. വീട്ടിലിരുന്നാൽ പോരേ? അങ്കിൾ ഒന്ന് പറഞ്ഞു കൊടുക്കണം കേട്ടോ ".

"നല്ല പ്രായത്തോളം ഭൂമിയിൽ ജീവിച്ചിരിക്കാൻ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" എന്നാണ് ഞങ്ങൾ പഠിച്ച പ്രമാണം. മക്കളിപ്പോൾ പറയുന്നു,
"പപ്പയ്ക്ക് അനുസരണയില്ല " എന്ന്. "പപ്പയ്ക്ക് അനുസരണയില്ല " എന്ന് മകൻ പറഞ്ഞതിന്റെ പൊരുൾ നമുക്ക് മനസിലാവും. പക്ഷേ അതു പപ്പയ്ക്ക് നൊമ്പരപ്പെടാത്ത മനോഭാവത്തിൽ മക്കൾക്കു പറയരുതോ? പപ്പയ്ക്ക് അനുസരണയില്ലെന്നു പച്ചയ്ക്കു പറയുന്നത് മക്കൾക്കു വകതിരിവ് ഇല്ലാഞ്ഞിട്ടാണ്. പപ്പക്കൊപ്പം പ്രായമുള്ള, പപ്പയുടെ ഒരു കൂട്ടുകാരനോട് അങ്ങനെ പറയാതെ, വേറേ എത്ര വിധത്തിൽ, പപ്പയോടുള്ള ബഹുമാനം പുറത്തു തോന്നും വണ്ണം നമുക്ക് പറയാം.

അവജ്ഞയെന്നോ, അവഗണനയെന്നോ തോന്നും വണ്ണമുള്ള ഒരു സംസാരം മക്കളിൽ നിന്നും കേൾക്കേണ്ടിവരിക, പ്രായമുള്ള മാതാപിതാക്കൾക്ക് വലിയ വേദന തോന്നുന്ന കാര്യമാണ്. ഇപ്പോഴത്തെ മാതാപിതാക്കൾ ഏറെയും ഇതു പുറത്തു കാണിക്കാതെ, കടിച്ചമർത്തിയങ്ങു ജീവിക്കും.
കേൾക്കാനിടവന്ന ഒരു വാചകം തന്ന ചിന്ത, മിതമായി പങ്കു വച്ചെന്നു മാത്രം. കേട്ടത്തിലധികം ചിലപ്പോൾ കേൾക്കേണ്ടി വരും എന്നറിയാം.

"നല്ല പ്രായത്തോളം ഭൂമിയിൽ ജീവിച്ചിരിക്കാൻ മക്കളെ ബഹുമാനിക്കുക" എന്നു പ്രമാണം തിരുത്തിയെന്നൊരു വാദമുണ്ട്.



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

# യാത്രയയപ്പ്

## ഗണേഷ് ബാബുവിന്റെ യാത്രയയപ്പ്



എസ്.ബി.ഐ എൻ.എച്ച്-47 ശാഖയിൽ നിന്നും 31.10.2021 ന് റിട്ടയർ ചെയ്ത ഗണേഷ് ബാബുവിന്റെ യാത്രയയപ്പ് ചടങ്ങിൽ ആശംസകൾ നേരുന്ന എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ സെക്രട്ടറി. കെ.ജി.ജയപ്രകാശ്.

## സജീവൻ .എ. പി .




എസ്.ബി.ഐ. ഈരാറ്റുപേട്ട ശാഖയിൽ നിന്നും 34 വർഷം 7 മാസം ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2021 ഒക്ടോബർ 31-ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിച്ച ചീഫ് മാനേജർ സജീവൻ .എ. പിയുടെ റിട്ടയർമെൻറ് മീറ്റിംഗിൽ നിന്ന്............

## അഭിനന്ദനങ്ങൾ!!

### നമ്മുടെ അംഗം കെ.കെ.കൃഷ്ണൻ കുട്ടി (എൽ.എം.1014)രചിച്ച മനോഹരമായ ഓയിൽ പെയിന്റിംഗ്



കെ.കെ.കൃഷ്ണൻ കുട്ടി രചിച്ച മനോഹരമായ ഓയിൽ പെയിന്റിംഗ്

## ആംബ്രോസ്.സി.ഡി.ക്ക് അനുമോദനങ്ങൾ



ആംബ്രോസ്.സി.ഡി.

കൊച്ചിയിൽ വച്ച് ആൾ കേരളാ ബാങ്കേഴ്സ് ക്ലബ്ബ് 7.11.2021ൽ നടത്തിയ വെറ്ററൻ ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റിൽ വിജയിയായ എറണാകുളം എക്സിക്യൂട്ടിവ് അംഗം ആംബ്രോസ്.സി.ഡി.

ഇതേ ടൂർണമെന്റിലെ ഡബിൾസ് മത്സരത്തിൽ രാജസേനൻ.വി. യുമായിച്ചേർന്ന് റണ്ണർ അപ്പ് ട്രോഫിയും കരസ്ഥമാക്കി.



ടൂർണമെന്റിലെ ഡബിൾസ് മത്സരത്തിൽ ആംബ്രോസും വി. രാജസേനനും ചേർന്ന് റണ്ണർ അപ്പ് ട്രോഫി കരസ്ഥമാക്കിയപ്പോൾ.

**ഇരുവർക്കും അഭിനന്ദനങ്ങൾ!!**

## ജിജൊ ജോസഫ്




എസ്.ബി.ഐ. യുടെ മദ്ധ്യനിര ഫുട്ബോൾ പോരാളി ജിജൊ ജോസഫ് സന്തോഷ് ട്രോഫി കേരള ടീമിനെ നയിക്കും. അഭിനന്ദനങ്ങൾ!!

# നവംബർ 2021 ന് വിരമിക്കുന്നവർ

എസ്ബിഐ ഒക്ടോബർ-21ന് വിരമിക്കുന്നവർ

1. ജോസഫ്. എസ്, ഡെപ്യൂട്ടി മാനേജർ, ആലപ്പുഴ ആർ. ബി. ഒ -5
2. രാജേശ്വരി അമ്മ. ഡി. സിനിയർ ഹെഡ് മെസ്സഞ്ചർ, ചമ്പക്കുളം,
3. കലാധരൻ. പി. കെ, സ്പെഷ്യൽ അസോസിയേറ്റ്, കൊച്ചിൻ ഷിപ്പ് യാർഡ്,
4. കുര്യൻ . പി. എം. ഹെഡ് വാച്ച് വാർഡ് ഹെഡ് അപ്പോളോ ജങ്ഷൻ,
5. മേബിൾ അഗസ്റ്റിൻ, ഹെഡ് മെസഞ്ചർ പുതുവായിപ്പ്,
6. മുരളീധരൻ. എം. ആർ., സീനിയർ അസോസിയേറ്റ്, മെട്രോ സ്റ്റേഷൻ എറണാകുളം,
7. ജിയോ. പി. തോമസ്, ചീഫ് അസോസിയേറ്റ് ഉടുമ്പന്നൂർ,
8. ഫിലിപ്പ്. ജി. ചവറ,
9. ബേബി. കെ. ഹെഡ് മെസഞ്ചർ, വൈക്കം,
10. പീറ്റർ കാട്ടുവേലിയിൽ ജോസഫ്, കഞ്ഞിക്കുഴി,
11. പ്രസന്നകുമാർ. എം. ആർ. റക്കോർഡ് കീപ്പർ, കാഷ്യർ, കുമരകം,
12. ജയറാം. എം. സീനിയർ അസോസിയേറ്റ് (സിഎസ്എസ്) മറുതരോട്,
13. ഉണ്ണികൃഷ്ണൻ. എൻ. ചീഫ് അസോസിയേറ്റ് തൃശൂർ. എ. ഡി. ബി. യിൽ,
14. ഏലിയാമ്മ iഈ പ്പൻ, മണ്ണന്തല തിരുവനന്തപുരം
15. ചന്ദ്രശേഖരൻ. പി., എ. ജി. എം. ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
16. ലേഖ. ബി. ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
17. പദ്മകുമാർ. ബി. ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
18. ശാന്താ മാധവി ജനറൽ അറ്റൻഡഡന്റ്,
19. സ്റ്റാൻസിലാസ്സ്. എൽ, വിഴിഞ്ഞം

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

## ജോസഫ്.എസ്.



ജോസഫ്.എസ്.

മാവേലിക്കര റീജിയണൽ ബിസ്സിനസ്സ് ഓഫീസിൽ നിന്നും 36 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 നവംബർ 30–ാം തിയതി ചാനൽ മാനേജരായി വിരമിക്കുന്ന ജോസഫ്.എസ്. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷ വും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# പദ്മകുമാർ. ബി.



പദ്മകുമാർ. ബി.

.എസ്ബിഐ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും 2021 നവംബർ 30–ാം തിയതി വിരമിക്കുന്ന ചീഫ് മാനേജർ പദ്മകുമാർ. ബി. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. . യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# ലേഖ. ബി.



ലേഖ. ബി.

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസ് ബാങ്ക് സേവനത്തിൽ നിന്ന് 2021 നവംബർ 30–ാം തിയതി വിരമിക്കുന്ന ചീഫ് മാനേജർ ലേഖ. ബി. ആയുരാരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ്

അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാനും കർമ്മനിരതയായിരിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ചന്ദ്രശേഖരൻ.പി



ചന്ദ്രശേഖരൻ. പി.

ചന്ദ്രശേഖരൻ. പി., എ. ജി. എം. ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം വർഷം ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2021 നവംബർ 30–ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു.. സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു്

# ജിയോ. പി. തോമസ്



ജിയോ. പി. തോമസ്

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ ഉടുമ്പന്നൂർ ശാഖയിൽനിന്നും 38 .5 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 നവംബർ 30–ാം തിയതി ചീഫ് അസോസിയേറ്റ് സേവനത്തിൽ നിന്ന് വിരമിക്കുന്ന ജിയോ. പി. തോമസ്, യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോ

സ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# പ്രസന്നകുമാർ. എം. ആർ



പ്രസന്നകുമാർ. എം. ആർ

കുമരകം, ശാഖയിൽനിന്നും 38 വർഷത്തെ സ്തുത്യർഹമായ മികച്ച സേവനത്തിന് ശേഷം റക്കോർഡ് കീപ്പർ, കാഷ്യർ പദവിയിൽ നിന്നും 2021 നവംബർ 30–ാം തിയതി വിരമിക്കുന്ന പ്രസന്നകുമാർ. എം. ആർ. ആയുരാരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാനും കർമ്മനിരതയായിരിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ജയറാം. എം.



ജയറാം. എം.

മറുതരോട് ശാഖയിൽനിന്നും 39 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം നിന്നും സ്തുത്യർഹ മായ മികച്ച സേവനത്തിന് ശേഷം 2021 നവംബർ 30–ാം തിയതി വിരമിച്ച സീനിയർ അസോസിയേറ്റ് (സിഎസ്എസ്) ജയറാം. എം. യാത്രാമംഗളങ്ങൾ ഹൃദ്യമായി ആശംസിക്കുന്നു.!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ പാലക്കാട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.










# അൻസാരി.കെ.ഇ.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗവും നമ്മുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറുമായ ശ്രീമതി റൈസാ ബീഗത്തിന്റെ ഭർത്താവ് അൻസാരി.. കെ .ഇ. നിര്യാതനായെന്ന അത്യന്തം വേദനാജനകമായ വാർത്ത വ്യസന സമേതം അറിയിക്കുന്നു. 67 വയസ്സായിരുന്നു. അതിരമ്പുഴ കറുകച്ചേരിൽ പരേതനായ ഇസ്മായിൽ റാവുത്തരുടെ മകനും റിട്ട . കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥനുമായിരുന്നു അൻസാരി.

ഭാര്യ : അതിരമ്പുഴ മാടവനയിൽ റൈസാ ബീഗം ( എസ്. ബി.ഐ. റിട്ട . മാനേജർ, മാതൃഭൂമി ഗൃഹലക്ഷ്മി വേദി മുൻ സംസ്ഥാന ജനറൽ സെക്രട്ടറി )

മക്കൾ : ഡോ . ഹഫീസ് അൻസാരി (കിംസ് ഹോസ്പിറ്റൽ , ബഹ റിൻ ) , ഡോ . റമീസ് അൻസാരി (മിഡാക് , കോഴിക്കോട് ), ഡോ . അൻസാരി ഫൈസ്. മരുമക്കൾ : ഡോ . അമീന ഹഫീസ് ( കിംസ് ഹോസ്പിറ്റൽ , ബഹ റിൻ ) , ഡോ . തസ്നി റമീസ് ( മിഡാക്, മലപ്പുറം ) , ഡോ . റബീഹാ ഫൈസ് (കുവൈറ്റ്) .



കെ .ഇ. അൻസാരി

കബറടക്കം നവംബർ 14–ാം തിയതി ഞായറാഴ്ച 12 മണിക്ക് കോട്ടയം അതിരമ്പുഴയുള്ള കൈതമല കബർ സ്ഥാനിൽ നടത്തി.. ദുഃഖാർത്തരായ കുടുംബാംഗങ്ങളുടെ വേദനയിൽ എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# റ്റി.റ്റി.വർഗീസ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗവും നമ്മുടെ ചങ്ങനാശ്ശേരി ഏരിയാ മെമ്പറും റിട്ട. ചീഫ് മാനേജരുമായ തോമസ് വർഗീസിന്റെ (സണ്ണി) പിതാവ് തെക്കേക്കര, ഇത്തിത്താനം, (Retd. Teacher, SBHS, ചങ്ങനാശ്ശേരി) റ്റി.റ്റി. വർഗീസ് നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 90 വയസ്സായിരുന്നു.



റ്റി.റ്റി.വർഗീസ്

ശവസംസ്ക്കാരം 4.11.2021 ന് കോവിഡ് പ്രോട്ടോക്കോളനുസരിച്ച് നടത്തി.. പരേതന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുശോചനം അറിയിക്കുന്നു. ആദരാഞ്ജലികൾ!

# അരവിന്ദാക്ഷൻ.പി.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗമായ അരവിന്ദാക്ഷൻ.പി. "പ്രസാദം", താമരംകുളങ്ങര, തൃപ്പൂണിത്തുറ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 82 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.



അരവിന്ദാക്ഷൻ.പി.

# ജോസഫ് കാട്ടിക്കാരൻ കെ.എം.



ജോസഫ് കാട്ടിക്കാരൻ കെ.എം.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ മുതിർന്ന അംഗം (എൽ.എം.8413) ജോസഫ് കാട്ടിക്കാരൻ. കെ.എം. കൊവിഡ് ബാധിച്ച് ചികിത്സയിലിരിക്കവേ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു . അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# നന്ദകുമാർ.സി.വി.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രത്തിലെ അംഗം (എൽ.എം.7513) നന്ദകുമാർ.സി.വി., കൃഷ്ണപ്രിയ, ഹരിപ്പാട്, ഹൃദയാഘാതം മൂലം നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.



നന്ദകുമാർ.സി.വി

അദ്ദേഹത്തിന്റെ നിര്യാണത്തിൽ ബന്ധുക്കളുടേയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു. അനു ശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# എൻ.വി.ജോർജ്ജ്

എസ്.ബി.ഐ കടപ്പാട്ടൂർ ശാഖയിലെ ഉദ്യോഗസ്ഥ ലിസ്സമ്മ ജോസഫിന്റെ പിതാവ് കോട്ടമുറി തൈക്കാട്ടുശ്ശേരിയിൽ എൻ.വി.ജോർജ്ജ് നിര്യാതനായി.



എൻ.വി.ജോർജ്ജ്

സംസ്കാരം നവംബർ 27-ാം തിയതി ശനിയാഴ്ച്ച 11 മണിയ്ക്ക് സ്വവസതിയിലെ ശിശ്രൂഷകൾക്ക് ശേഷം ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടത്തി. കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയി ക്കുന്നു.

# ഏലിയാമ്മ കുരിയാക്കോസ്

(പെണ്ണമ്മ)

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ജിസ്സി ആൻ തോമസിന്റെ ഭർത്താവ് പരേതനായ രാജു കുരിയാക്കോസിന്റെ മാതാവ് ഏലിയാമ്മ കുരിയാക്കോസ് നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു 87 വയസ്സായിരുന്നു.. ഭർത്താവ് പാടത്തുമാപ്പിള തറക്കുന്നേൽ പരേതനായ T.S കുരിയാക്കോസ് (കുഞ്ഞിക്ക) .



ഏലിയാമ്മ കുരിയാക്കോസ് (പെണ്ണമ്മ)

## സംസ്കാരം

പാടത്തുമാപ്പിള തറക്കുന്നേൽ അന്തരിച്ച ഏലിയാമ്മ കുറിയാക്കോസിൻറ് ( പെണ്ണമ്മ 87 ) മൃതദേഹം വ്യാഴാഴ്ച വൈകിട്ട് 5 ന് കോട്ടയം ഈരയിൽകടവിൽ മൈ ഓൺ കോളനിയിലെ വസതിയിൽ കൊണ്ടുവന്നു.. സംസ്കാരം വെള്ളിയാഴ്ച 10 ന് ഭവനത്തിൽ ശുശ്രൂഷക്കു ശേഷം 12 ന് കോത്തല സെഹിയോൻ ഓർത്തഡോക്സ് പള്ളിയിൽ നടത്തി. തോട്ടയ്ക്കാട് ചിറപ്പുറത്ത് വിലങ്ങുപാറയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി. എസ്. കുറിയാക്കോസ്. മക്കൾ: എസ്.ബി. ഐ മാനേജരായിരുന്ന പരേതനായ രാജു കുറിയാക്കോസ്, മോൾബി കുറിയാക്കോസ് ( ബാംഗ്ലൂർ ) മരുമക്കൾ: ജിസി ആൻ തോമസ് ( റിട്ട. എസ്. ബി. ഐ മാനേജർ ) ചേലമറ്റം തോട്ടയ്ക്കാട്, ബിജു പി. തോമസ്, പരുത്തിയേത്ത് ബാംഗ്ലൂർ ( തോംസ് ബേക്കറി ). കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# എം.ഐ.കുര്യൻ

പട്ടശ്ശേരിമഠത്തിൽ എം.ഐ.കുര്യൻ നിര്യാതനായി. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉദ്യോഗസ്ഥനായിരുന്നു. ശവസംസ്കാരം ,നവംബർ 10 ,വൈകുന്നേരം 4.30 ന് പുതുപ്പള്ളി റബർബോർഡ് സെൻ്റ് മേരീസ് മാർത്തോമ്മാ പള്ളിയിൽ. നടത്തി. ഭാര്യ: പരേതയായ മറിയാമ്മ കുര്യനായിരുന്നു. മക്കൾ: :സണ്ണിക്കുട്ടി എം.കുര്യൻ (മുൻ ജോയിന്റ് ഡയറക്ടർ, കൃഷിവകുപ്പ്), മാത്യു എം.കുര്യൻ (മുൻ ഉദ്യോഗസ്ഥൻ എസ്.ബി.ടി .), ഏബ്രഹാം കുര്യൻ ( ലൈഫ് ട്രീ ഫൗണ്ടേഷൻ ). മരുമക്കൾ: മേരി പി.. ഏബ്രഹാം (മുൻ മാനേജർ, എസ്.ബി.ടി) പരേതയായ രാജമ്മ വറുഗീസ്., ഷൈനി കുര്യൻ (എം.ജി.സർവകലാശാല).




അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ചിന്നമ്മ ജോസഫ്



ചിന്നമ്മ ജോസഫ്

റിട്ട . സ്റ്റേറ്റ് ബാങ്ക് ചീഫ് മാനേജർ, ഏറ്റുമാനൂർ വെട്ടൂർ, വി.റ്റി.മാത്യുവിന്റെ ഭാര്യാ മാതാവും, ഇലഞ്ഞി കൊച്ചുപുരയ്ക്കൽ, കെ.വി. ജോസഫിന്റെ ഭാര്യയുമായ ചിന്നമ്മ ജോസഫ് അന്തരിച്ചു . 86 വയസ്സായിരുന്നു. കുറുപ്പന്തറ ഉമ്മിണിയിൽ കുടുംബാംഗം. മക്കൾ : ലിസമ്മ മാത്യു, സെലിൻ ജോസഫ്, ഷീജ ജോസ്, സുജ തോമസ് മരുമക്കൾ: റിട്ട. എസ്.ബി.റ്റി. ചീഫ് മാനേജർ വി.റ്റി.മാത്യു വെട്ടൂർ, ഏറ്റുമനൂർ, ജോസ് . പി.യു. പാറപ്പുറം, കീഴൂർ, തോമസ്.എം.തോമസ്, മേക്കാട്ടുപറമ്പ് അങ്കമാലി. സംസ്കാരം നവംബർ 11–ാം തിയതി വ്യാഴാഴ്ച്ച 11 മണിയ്ക്ക് സ്വവസതിയിലെ ശിശ്രൂഷകൾക്ക് ശേഷം ഇലഞ്ഞി സെന്റ് പീറ്റർ ആന്റ് പോൾസ് ഫൊറോനാ പള്ളിയിൽ നടത്തി. കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# കണ്ടക്കുടി ഡെയ്സി



കണ്ടക്കുടി ഡെയ്സി

റിട്ട. സ്റ്റേറ്റ് ബാങ്ക് ഉദ്യോഗസ്ഥ മേഴ്സി തോമസ്സിന്റെ മാതാവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിട്ട. ജനറൽ മാനേജർ പി.ജെ.തോമസിന്റെ ഭാര്യാ മാതാവുമായ കണ്ടക്കുടി ഡെയ്സി അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 84 വയസ്സായിരുന്നു.
ഭർത്താവ്: പരേതയായ കെ.സി.സെബാസ്റ്റ്യൻ, മക്കൾ : മേഴ്സി തോമസ് ( റി ട്ട സ്റ്റേറ്റ് ബാങ്ക് ), ചെറി സെ ബാസ്റ്റ്യൻ ( ചീഫ് മാനേജർ , സൗത്ത് ഇന്ത്യൻ ബാങ്ക് , തിരുവല്ല ) , ഡോ..ഷാജോ സെ ബാസ്റ്റ്യൻ കണ്ടക്കുടി ( റിട്ട . പ്രൊഫസർ എസ്.ബി. കോളേജ് , കേരള കോൺഗ്രസ് ( എം ) സംസ്ഥാന കമ്മിറ്റിയംഗം ) , സാബു സെബാസ്റ്റ്യൻ ( അസി..കസ്റ്റംസ് കമ്മിഷണർ ), ജോബി സെബാസ്റ്റ്യൻ ( സീനിയർ മാനേജർ, കാത്തലിക് സിറിയൻ ബാങ്ക് , എറണാകുളം ) . മരുമക്കൾ : പി.ജെ. തോമസ് പുത്തൻപുരയ്ക്കൽ , കൂർഗ് ( റിട്ട.ജനറൽ മാനേജർ , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇ ന്ത്യ ) , ഷീന ചെറി മഠത്തിൽ കുന്നേൽ കടുത്തുരുത്തി (എ).ജെ.ജോൺ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ,), ലിറ്റി ഷാജോ ( നെടുവേലിൽ, ഇലഞ്ഞി ) , ബിജി സാബു ( കാഞ്ഞിക്കൽ, പുളിങ്കുന്ന്,) , സോണിയ ( ആനിക്കൽ , പൂവത്തിളപ്  സംസ്കാരം നവംബർ 9-ാം തിയതി ചൊവ്വാഴ്ച നാല് മണിയ്ക്ക് കൈനടി വ്യാകുല മാതാ പള്ളി സെമിത്തേരി യിൽ നടത്തി. ദു:ഖിതരായ കുടുംബത്തിന് ആലപ്പുഴ ജില്ലാ കമ്മറ്റിയുടെ അനുശോചനം അറിയിക്കുന്നു, .

# ഏലികുട്ടി ജോർജ്



( 8

ഏലികുട്ടി ജോർജ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ ജോസഫ് മാത്യുവിന്റെയും പരേതനായ ശ്രീ ജേക്കബ് മാത്യു കാടൻകവിലെന്റെയും സഹോദരി ഏലികുട്ടി ജോർജ് നിര്യാതയായി. 85 വയസ്സായിരുന്നു. ഭർത്താവ്: കാഞ്ഞിരത്തുങ്കൽ, മേരിലാൻഡ്. പരേതനായ കെ.വി ജോർജ യും പരേതനായ ജോസഫ് പകലോമാറ്റത്തിന്റെ ഭാര്യാ മാതാവും ആണ് പരേത. സംസ്കാരം നവംബർ 12-ാം തിയതി വെള്ളിയാഴ്ച്ച 11 മണിയ്ക്ക് സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തീ..

# എം.വി. വർഗീസ്



എം.വി. വർഗീസ്

റിട്ട . എസ്.ബി. ഐ . ഉദ്യോഗസ്ഥൻ മണിയങ്കേരിക്കളം എം.വി. വർഗീസ് ( കുഞ്ഞച്ചൻ 74 ) അന്തരിച്ചു . ഭാര്യ : മോളിക്കുട്ടി, ചങ്ങനാശ്ശേരി കോട്ടയ്ക്കൽ കു ടുംബാംഗമാണ്. മക്കൾ : പ്രിയ, പ്രീതി.. മരുമക്കൾ : സാനിച്ചൻ പടിഞ്ഞാറേ ഒലക്കപാടിയിൽ എടത്വാ (ദുബായ്), ജോജി കാപ്പിൽ മാപ്പിളപറമ്പിൽ പുന്നക്കുന്നം കുടുംബത്തിന്റെ ദുഃഖത്തിൽ. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു

# എൽസി ജേക്കബ്ബ്.



എൽസി ജേക്കബ്ബ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം റിട്ട .എസ്.ബി.ഐ . മാനേജർ ലാജി ജേക്കബ്ബിന്റെ ഭാര്യ എൽസി ജേക്കബ്ബ് അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.

ഭൗതിക ശരീരം നവംബർ 17–ാം തിയതി ബുധനാഴ്ച വൈകുന്നേരം 5 മണിയോടുകൂടി ഭവനത്തിൽ കൊണ്ടുവന്നു. ശവസംസ്കാര ശുശ്രുക്ഷകൾ 18-11-2021 വ്യാഴം രാവിലെ വടവാതൂർ മാധവൻപടി - റബ്ബർ റോഡിൽ നവോദയ സ്കൂളിന്റെ എതിർവശം ഉള്ള ഭവനത്തിൽ തുടർന്ന് അടക്കം വടവാതൂർ സിഎസ്..ഐ പള്ളി സിമിത്തേരിയിൽ നടത്തി. കോട്ടയം ജില്ല സെന്ററിന്റെ പേരിലുള്ള അനുശോചനം അറിയിക്കുന്നു കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു

## പി.ജി.ജോർജ്ജ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രത്തിലെ അംഗം റിട്ട. ചീഫ് മാനേജർ പി.ജി.വർഗീസിന്റെ പിതാവ് പി.ജി.ജോർജ്ജ്, പഴയപുരക്കൽ ,തോണക്കാട്, ചെങ്ങന്നൂർ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 97 വയസ്സായിരുന്നു. ശവസംസ്കാരം 15–ാം തിയതി തിങ്കളാഴ്ച 9.30ന് സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് പള്ളി സിമിത്തേരിയിൽ നടത്തി.



**പി.ജി.ജോർജ്ജ്**

അദ്ദേഹത്തിന്റെനിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

## , ത്രേസ്യാമ്മ വർക്കി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം റിട്ട .എസ്.ബി.ഐ . മാനേജർ നമ്മുടെ ചങ്ങനാശ്ശേരി ഏരിയാ മെമ്പറുമായ ശ്രീ. ജോസഫ് ജോർജ്ജ്. റിട്ട.എ.ജി.എം. ജോർജ്ജ് വർഗീസ് എന്നിവരുടെ മാതാവ് ത്രേസ്യാമ്മ വർക്കി, നെൽപുരപറമ്പിൽ , ചങ്ങനാശ്ശേരി നിര്യാതയായി.



ത്രേസ്യാമ്മ വർക്കി, നെൽപുരപറമ്പിൽ, ചങ്ങനാശ്ശേരി

87 വയസ്സായിരു ന്നു. മൃതശരീരം വെള്ളിയാഴ്ച (19.11.2021) വൈകിട്ട് ജോസഫ് ജോർജിന്റെ ചങ്ങനാശ്ശേരിയിലുള്ള ഭവനത്തിൽ കൊണ്ടുവന്നു. ശവസംസ്ക്കാരം 20.11.2021 ന് 9 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്കു ശേഷം ചമ്പക്കുളം സെ. മേരിസ് പള്ളിയിൽ നടത്തി. പരേതയുടെ ആത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം പേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ല ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തുന്നു.

## ശാന്തകുമാരിയമ്മ



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അസ്സോസിയേറ്റ് അംഗം ഡോ.പ്രൊഫ.രജേശ്വരിയുടെ മാതാവും നമ്മുടെ മെമ്പർ ശിവജിമേനോന്റെ ഭാര്യ മാതാവും ആയ ശാന്തകുമാരി യമ്മ ചികിത്സയിലിരിക്കവേ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.. 84 വയസ്സായിരുന്നു.

മക്കൾ: ഡോ.പ്രൊഫ.രാജേശ്വരി, ഹോമിയോ മെഡിക്കൽ കോളേജ്, കുറിച്ചി. ജലജ.

മരുമക്കൾ : വിജയകുമാർ, ശിവജിമേനോൻ

അവരുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു

# കെ.കുമാരി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിലെ അംഗം സി.കെ. രാഘവന്റെ(എൽ.എം.4475) സഹധർമ്മിണി കെ.കുമാരി ചരിവുകാലായിൽ, നന്നുവാക്കാട്, ഊപ്പമല സ്വവസതിയിൽ വച്ച് ആകസ്മികമായി നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു.



കെ.കുമാരി

അവരുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# പി.ഒ.അഗസ്റ്റിൻ



പി.ഒ.അഗസ്റ്റിൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ വിമുക്തഭടനും എസ്.ബി.ഐ. വാഴക്കുളം ശാഖയിൽ ഉദ്യോഗസ്ഥനുമായിരുന്ന ആർപ്പാമറ്റം പുത്തൻപുരയിൽ പി.ഒ.അഗസ്റ്റിൻ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. ശവസംസ്ക്കാരം 23.11.2021 ന് 9 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്കു ശേഷം മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ നടത്തി. എസ്.ബി.ഐ. പെൻഷണേ ഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ഗീത.എ.എൻ.



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം(എൽ.എം. 6576) തൃപ്പൂണിത്തുറ ഏരൂർ തെക്ക് ആനപ്പറമ്പ് ലെയിനിൽ ഗീതാഞ്ജലിയിൽ ഗീത.എ.എൻ. അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 62 വയസ്സായിരുന്നു. ഭർത്താവ്: ഉണ്ണികൃഷ്ണൻ.സി. അവരുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.




**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**
**ചീഫ് എഡിറ്റർ**

**രക്ഷാധികാരി**
**ശ്രീ.കെ.രാജീവൻ,**
**സംസ്ഥാന പ്രസിഡന്റ്**
**എ.ജയകുമാർ,**
**സംസ്ഥാന സെക്രട്ടറി**

**പത്രാധിപ സമിതി**

**മാനേജിംഗ് എഡിറ്റർ**
**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
**ചീഫ് എഡിറ്റർ**
**എം.ജി.രാഘവൻ**
**എഡിറ്റർ**
**പി.പി.ഫിലിപ്പ്**
**പത്രാധിപ സമിതി അംഗങ്ങൾ**
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
കെ. എൻ വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com